Vol. II.) July 1931. (No. 7.



"എന്നെ അനുഗമിക്കുന്നവൻ അന്ധകാരങ്ങളിൽ നടക്കുന്നില്ല."

സംഗതിവിവരങ്ങൾ.

ക.	ഉത്തരീയഭക്തിയുടെ ആരംഭവും പ്രചാരവും	ക൯൩.
ഘ.	ദൈവജനനിയുടെ ജീവചരിത്രം	ക൯ ൪.
ങ.	കണ്ടമാനം വിധിക്കരുതു്	ക൯ ൫.
ച.	പാടുവായിലെ അത്ഭുതപ്രവർത്തകൻ	ക ൦ ൩.
ഛ.	ജോസിന്റെ ദാനം	ക ൦ ൪.
ജ.	മനസ്സാക്ഷി	ക ൦ ൯.
ഝ.	ആ വിജയരഹസ്യം	ക ക ക.
ഞ.	പൊതുനിഃയാഗം	ക ക ൪.
൯.	അന്നം ഇന്നം	ക ക ന.
ക൦.	ഗാന്ധിയും മിഷ്യനറിമാരും	ക ക൯.
കക.	ആരോഗ്യരക്ഷാനിയമങ്ങൾ	ക ക. ക.
കഖ.	കുറിപ്പുകൾ	ക ഘ ൩.
കങ.	പരസ്യങ്ങൾ	
കച.	പഞ്ചാംഗം	

The LETRIK (Electric) Comb.

The electric current (which you can't feel) comes from the battery in the back of the Comb, down one row of teeth through the hair and hair roots, to the other row of teeth. It's just like giving water to parched plants. The roots come to life and send out new colourful shoots. The hair takes on a natural wave (which the wavy teeth assist) and greyness goes just as fast as the new hair grows. (You can see the new colour creeping up the hair stems).


The total cost of this wonderful little handback size LETRIK Comb is 3/6 (all ready to use).

From all high class Chemists or from Letrik, Ltd.,

70, Milton Street, London, E. C. 2.

H. E. MGR. PETER KIERKELS,

the new Delegate Apostolic of India.



Courtesy Sathianadam.

പൂവ്വേന്ത്യായുടെ

ഡെലിഗെററ് അപ്പസ്തോലിക്കായ

നി. വ. ദിവ്യശ്രീ

മൊ. പീററർ കിയർക്കേൽസ് തിരുമനസ്സുകൊണ്ട്.

(പട്ടാഭിഷേകത്തിനു മുമ്പുള്ള ഫോട്ടോ.)

THE KUDUMBA DEEPAM.

കുടുംബദീപം.

പുസ്തകം ൨. ജൂലൈ ൧൯൧൫. ലക്കം ൭.

ഉത്തരീയഭക്തിയുടെ ആരംഭവും പ്രചാരവും.

ഉത്തരീയഭക്തി വി. ശെമഓൻ സ്തോക്കിന്റെ കാലത്തു ആരംഭിച്ചു. അദ്ദേഹം ഫ്രന്തഭ-ാമാണ്ടിടക്കു ഇംഗ്ലണ്ടിലെ കെൻറ് എന്ന ജില്ലയിലാണു ജനിച്ചതു്. പന്ത്രണ്ടു വയസ്സായ പ്പോൾ വീടുപേക്ഷിച്ചു് ഒരു വാനപ്രസ്ഥന്റെ ജീവിതം തുടങ്ങി. അദ്ദേഹം ഒരു വൃക്ഷകോടരത്തിൽ താമസിച്ചിരുന്നതു കൊണ്ടാണു് ശെമഓൻ സ്തോക്കു (Stock) എന്ന പേരു ലഭിച്ചതു്. ഇങ്ങിനെ പ്രാർത്ഥനയിലും പ്രായശ്ചിത്തത്തിലും ജീവിതം കഴിക്കവേ അന്നു ഇംഗ്ലണ്ടിൽ അറിയപ്പെടാത്തതായ ഒരു സന്ന്യാസ സഭയിൽ അദ്ദേഹം ചേരേണ്ടതാണെന്നു ദേവമാതാവു അദ്ദേഹത്തെ അറിയിച്ചു. ഇരുപതിൽപരം കൊല്ലങ്ങൾ പ്രതീക്ഷിച്ചിരുന്നശേഷം കർമ്മലീത്താ സന്ന്യാസികൾ അവിടെ എത്തുകയും ഉടൻതന്നെ അദ്ദേഹം കർമ്മലമാതാവിന്റെ സഭയിൽ ചേരുകയും ചെയ്തു. അദ്ദേഹത്തിന്റെ സുശീലവും സുകൃതവും കണ്ടു മറ്റു സന്ന്യാസികൾ ഐസിൽഫോർഡിൽ

ഫ്രഞ്ച്-ൽ ക്രൂടിയ പൊതുസംഘത്തിൽവെച്ചു അദ്ദേഹത്തെ പ്രിയോർ ജനറളായി തെരിഞ്ഞെടുത്തു. ഇദ്ദേഹം ഇങ്ങിനെ സഭയിലെ ആറാമത്തെ പൊതുശ്രേഷ്ഠനായിത്തീൎന്നു. ആ രാജ്യത്തിൽ, പുതുതായി ആരംഭിച്ച ഈ സഭയ്ക്കെതിരായി ഞെരുക്കങ്ങളുണ്ടായപ്പോഴെല്ലാം അദ്ദേഹം ദൈവജനനിയുടെ അടുക്കൽ അഭയം തേടി. ഫ്രഞ്ച ജൂലൈ മാസം ഫ്രന്യ -ാം ന- കേന്ത്രി ഡ്ലിലെ സന്ന്യാസാശ്രമത്തിൽ ഇദ്ദേഹം പ്രത്ഥിച്ചുകൊണ്ടിരിക്കുവെ ദേവമാതാവു് പ്രത്യക്ഷയായി അദ്ദേഹത്തിനു് ഒരു ഉത്തരീയം സമ്മാനിക്കയും അവളുടെ സഹായം തനിക്കുണ്ടായിരിക്കുമെന്ന ഉറപ്പു പറകയും ചെയ്തു. ഉടൻതന്നെ കൎമ്മലോത്തരീയ ഭക്തിയ്ക്കു് കത്തോലിക്കലോകത്തിലെങ്ങും പ്രചുരപ്രചാരം ലഭിച്ചു. മാപ്പിപ്പാമാർ ഒന്നിനുപിറകെ ഒന്നായി ഭണ്ഡവിമോചനങ്ങളും നല്കി അതിനെ സമൃദ്ധമാക്കയും അനവധി അത്ഭുതങ്ങളും അതിന്റെ ദൈവികോത്ഭവത്തെ ഉറപ്പിക്കയും ചെയ്തു. വിഞ്ചെസ്റ്റർ എന്ന സ്ഥലത്തു നിരാശനായ ഒരു മരണാസന്നന്റെമേൽ വി. ശെമഓൻ ഉത്തരീയം വെച്ചതും താമസംവിനാ അയാൾ അന്ത്യകൂദാശകൾക്കാവശ്യപ്പെട്ടതും ഉത്തരീയം വഴിയായി സിദ്ധിച്ച ഒന്നാമത്തെ അത്ഭുതമായിക്കരുതാം. ഫ്രന്സന്യ-ൽ തെഹിൻ യുദ്ധത്തിലേപ്പെട്ടിരുന്ന എം. ഡിഗെജ് എന്ന ഒരു യോദ്ധാവിന്റെ ഹൃദയപ്രദേശത്തു് ഒരു വെടിയുണ്ടയേല്ക്കയാൽ മരണകരമായ മുറിവേല്ക്കുകയുണ്ടായെങ്കിലും മഹാ പാപിയായിരുന്ന അയാൾക്കു പാപസങ്കീൎത്തനം ചെയ്യുന്നതിനും സ്വന്ത കൈകൊണ്ടു ഒസ്യത്തെഴുതുന്നതിനും സമയം ലഭിച്ചു. ഇതിനൊശേഷം സർജൻ മുറിവു പരിശോധിച്ചപ്പോൾ വെടിയുണ്ടയോടുകൂടി ഉത്തരീയം ചങ്കിനകത്തു കടന്നിരിക്കുന്നതായി കണ്ടു. അതു് മാറിയപ്പോൾ, പരിശുദ്ധ ദേവമാതാവു് നിത്യമരണത്തിൽനിന്നു അയാളെ വിസ്മയനീയമായവിധം രക്ഷിച്ചതിനു് ഉപകാരസ്മരണയായി സ്തോത്രഗീതം പാടിക്കൊണ്ടു അയാൾ ഭാഗ്യമരണം പ്രാപിച്ചു. വി. ശെമഓൻ തന്റെ നൂറാമത്തെ വയസ്സിൽ അതായതു ക്രിസ്താബ്ദം ഫ്രന്യ-ൽ ഫ്രാൻസിലെ

ബ്രോഡെക്സ് എന്ന നഗരത്തിൽവെച്ചാണ് ഇഹലോകവാസം വെടിഞ്ഞതു്.

ഉത്തരീയത്തെ സംബന്ധിച്ചുള്ള അനുഗ്രഹങ്ങൾ പ്രാപിക്കുന്നതിന് അതു നിയമാനുസാരം സ്വീകരിയ്ക്കയും ധരിക്കയും ചെയ്താൽ മതി. ഇതുയും എളുപ്പമുള്ളതും ലഘുവായതും ഫലസമ്പൂർണ്ണമായതുമായ ഭക്തിയേ ആരാണു ഉപകാരപ്രദമാക്കിതീർക്കാത്തതു്. "ജയിക്കുന്നവൻ ഇപ്രകാരം വെള്ളവസ്ത്രങ്ങൾ ധരിപ്പിക്കപ്പെട്ടും; അവന്റെ നാമം ജീവന്റെ പുസ്തകത്തിൽ നിന്ന് ഞാൻ മായിച്ചുകളകയില്ല. എന്റെ പിതാവിന്റെ മുമ്പിലും അവന്റെ നാമം ഞാൻ ഏറ്റു പറയുകയും ചെയ്യും."
(വെളിപാടു് ൩. ൫.)

ദൈവജനനിയുടെ ജീവചരിത്രം.

൨. അഭ്യന്തര ജീവിതം.

പരിശുദ്ധകന്യക ഐഹികജീവിതത്തിൽപോലും തന്റെ വാക്കും പ്രവൃത്തിയുംകൊണ്ടു് 'ക്രിസ്ത്യാനികളുടെ ആദരവാ'യിത്തീർന്നു. അവർ യെരുശലേമിൽമാത്രം താമസിക്കാതെ ചെറിയ ഏഷ്യായിലുള്ള എഫേസൂസ് നഗരത്തിലും കുറെക്കാലം തന്റെ ഒത്തുപുത്രന്റെ സംരക്ഷണയിൽ താമസിച്ചിരുന്നതായി പുരാതനവും വിശ്വാസയോഗ്യവുമായ ഒരു ഐതിഹ്യമുണ്ടു്. എങ്കിലും മരണത്തിനു കുറെ മുമ്പു് യെരുശലേമിലേയ്ക്കുതന്നെ മടങ്ങിപോന്നു. യെരുശലേമിലെപ്പോലെതന്നെ എഫേസൂസിലും മറിയം ക്രിസ്തുമതാവലംബികൾക്ക് ഒരു നല്ല മാതാവും ശ്ലീഹന്മാർക്കു അവരുടെ പ്രയാസമുള്ള ജോലികളിൽ വിവേകമുള്ള ഒരു ഉപദേശികയും ഒരു യഥാർത്ഥ ആശ്വാസപ്രദയുമായിത്തീർന്നു. എന്നാൽ അവർ തന്റെ സ്വന്തം ആന്തരികജീവിതത്തെ ഇതുനിമിത്തം ഒട്ടും

വിസ്മരിച്ചില്ല. അവളുടെ പുണ്യപൂർണ്ണതയെപ്പറ്റി നേരാംവണ്ണം ഗ്രഹിക്കുന്നതിനൊ വാക്കുകളാൽ വർണ്ണിക്കുന്നതിനൊ ആർക്കാണ് സാധിക്കുക. മറിയം മുപ്പത്തിമൂന്നു വർഷങ്ങളോളം തന്റെ ഏകപുത്രന്റെ പരിശുദ്ധ ജീവിതത്തിന്റെ ദൃക്സാക്ഷിണിയും അവിടുത്തെ അധരങ്ങളിൽനിന്ന് പുറപ്പെട്ട സുകൃതസംഭാഷണങ്ങളുടെ ശ്രോത്രിയുമായിരുന്നു. സ്വർഗ്ഗീയസുതൻ മറിയത്തിന്റെ മാറിടത്തിൽ അഭയം പ്രാപിച്ചതുമുതൽ അവിടുത്തെ ഏകധ്യാനമായിരുന്ന തിരുശ്ശരീരം കുരിശിൽനിന്നിറക്കി അവളുടെ മടിത്തട്ടിൽ കിടത്തിയതുവരെ അവളുടെ ആത്മാവിലേയ്ക്ക് ദൈവപുത്രനിൽനിന്നും അനിതരസാധാരണമായ പരിശുദ്ധതയും സ്വർഗ്ഗീയജ്ഞാനവും പ്രവഹിച്ചുകൊണ്ടിരുന്നു. കന്യകമറിയത്തിന്റെ മനസ്സിൽ ലാലസിച്ചിരുന്ന ആദ്ധ്യാത്മികജ്ഞാനത്തിന്റെ അഗാധത്തെ അളക്കുന്നതിനു ആർക്കാണ് ശക്തിയുള്ളതു്. അവളുടെ ആന്തരികജീവിതം മുഴുവനും തന്റെ ഏകകുമാരന്റെ ജീവിതത്തേയും അത്ഭുതങ്ങളേയും സംഭാഷണങ്ങളേയുംപറ്റിയുള്ള അനുസ്യൂതമായ ഒരു ധ്യാനമായിരുന്നു.

വി. യോഹന്നാൻ സുവിശേഷകൻ അവളുടെ പരിശുദ്ധ ജീവിതത്തിന്റെ ഒരു ദൃക്സാക്ഷി ക്രുടെയാണ്. അദ്ദേഹം മാതാവിനെ സഹായിക്കുന്നതിനും രക്ഷിക്കുന്നതിനുമായി ഈശോമ്ശിഹായാൽ നിയുക്തനായിരുന്നു. ദിവസത്തോറും അദ്ദേഹം അവളുടെ തിരുക്കുമാരന്റെ രക്തം ചൊരിയാതെയുള്ള ബലി അവളുടെ സാന്നിധ്യത്തിൽവെച്ചു നിത്യപിതാവിനു സമർപ്പിക്കുകയും അവർക്കു ജീവന്റെ അപ്പം ഭാഗിച്ചു കൊടുക്കുകയും ചെയ്തു. പരിശുദ്ധ മറിയമാകട്ടെ അവളുടെ ജ്ഞാനചിന്തകളേയും ദൈവജ്ഞാനത്തേയും തന്റെ പ്രിയ പുത്രനെ കാണാനുള്ള അവളുടെ അതിയായ ആഗ്രഹത്തേയും അദ്ദേഹത്തിനു വെളിപ്പെടുത്തി. വി. യോഹന്നാൻ മ്ശിഹായുടെ കഷ്ടാനുഭവത്തിന്റെയും കുരിശുമരണത്തിന്റെയും സംസ്കാരത്തിന്റെയും സ്ഥലങ്ങളെ സന്ദർശിക്കാൻ പോകുമ്പോൾ ദേവമാതാവും അദ്ദേഹത്തെ ഭക്തിപുരസ്സരം അനുഗമിക്കാറുണ്ടായിരുന്നു. സായങ്കാലവേളയി

ൽ അദ്ദേഹത്തിന്റെ വാത്സല്യഗുരുവിന്റെ പീഡാനുഭവങ്ങളേയും ജീവിതത്തേയുംകുറിച്ചോ വേലകളേയും വിഷമതകളേയുംപറ്റിയോ ശൈശവസഭയുടെ അഭിവൃദ്ധിയേയും പുരോഗമനത്തെയും സംബന്ധിച്ചോ അവർ സംഭാഷണം ചെയ്തുകൊണ്ടിരിക്കും. ദേവമാതാവിന്റെ അധരങ്ങളിൽനിന്നും സ്വർഗ്ഗീയജ്ഞാനമോലുന്ന മധുരവാക്കുകൾ ആ സമയത്ത് പ്രവഹിച്ചുകൊണ്ടിരിന്നു. ദൈവദൂതന്മാർപോലും ഈ സംഭാഷണങ്ങൾ കേട്ട എത്രപ്രാവശ്യം അത്ഭുതപരതന്ത്രരായിത്തീരുകയും ഈ ആധ്യാത്മിക മൂർത്തികളുടെ മാലാഖയ്ക്കുള്ള പരിശുദ്ധിയെക്കണ്ടു എത്രതവണ വിസ്മയഭരിതരായിത്തീരുകയും ചെയ്തിരുന്നിരിക്കണം.

(തുടരും.)

കണ്ടമാനം വിധിക്കരുത്.

ഞങ്ങൾ ഓരോരുത്തരും കപ്പലിലെ പുകവലിക്കുന്ന മുറിയിൽ ചാഞ്ഞും ചരിഞ്ഞും ഇരുന്നും കിടന്നും മറ്റും ഓരോ വിധത്തിൽ സുഖാനുസാരം സ്ഥലം പിടിച്ചിരുന്നു. യാത്രക്കാരുടെ പട്ടിക വലുതുതന്നെയുണ്ട്. ഞങ്ങളുടെ കൂട്ടത്തിൽ ചില പ്രത്യേകതരക്കാരും ഉൾപ്പെട്ടിരുന്നു. അവരുടെ പ്രത്യേകതയെപറ്റി ഞങ്ങൾ കൂട്ടുകാർ തമ്മിൽ ചിലതൊക്കെ പറയാൻ ആരംഭിച്ചു. അപ്പോൾ ഖജനാവുകാരനായ മി. പ്രൈണ്ടീസ് സംശയലേശംകൂടാതെ ഇപ്രകാരം പറഞ്ഞു:

"ഒരു മനുഷ്യന്റെ മുഖവും നടപടിയും അവന്റെ അകത്തുള്ള ചരക്കിന്റെ മാതൃകയായി കരുതാം. ഞാൻ ഉത്തര അതലാന്തിക്ക് മഹാസമുദ്രത്തിൽക്കൂടി വളരെക്കാലം യാത്ര ചെയ്യുകയും പലെ ആളുകളുമായി പരിചയപ്പെടുകയും ചെയ്തിട്ടുണ്ട്. എന്നാൽ അവരിലൊരുത്തനും എന്റെ ഈ അനുമാനത്തെ നിഷേധിക്കാൻ ഇതുവരെ സാധിച്ചിട്ടില്ല."

"പ്രൈഡിസ്, നിങ്ങളുടെ അഭിപ്രായത്തോട് ഞാൻ യോജിക്കുന്നില്ല." എന്ന ഒരു കായ്യനികച്ചവടക്കമ്പനിയുടെ മാനേജരായ മാക്ഗരി പറഞ്ഞു. "ഞാൻ ഭൂമിയുടെ പല ഭാഗങ്ങളിൽ കൂടിയും സഞ്ചരിച്ചു തുടങ്ങീട്ട് ഇപ്പോൾ നാല്പതു വർഷം കഴിഞ്ഞിരിക്കുന്നു. ഒരു മനുഷ്യൻ നല്ലവനെന്നോ ചീത്തയാളെന്നോ ധീരനെന്നോ ഭീരുവെന്നോ കായ്യയിൽ പറയാൻ എനിക്ക് സാധിക്കയില്ല. ഞാൻ ഇതു നിമിത്തം നേരിടുകിം പ്രാവശ്യം പരിഹാസപാത്രമായിത്തീർന്നിട്ടുണ്ട്."

മാക്ഗരി ഒരു പുതിയ ചുരുട്ടും കത്തിച്ചുകൊണ്ടു തുടർന്നു പറഞ്ഞു: "പതിനഞ്ചു വർഷംമുമ്പു കൊളമ്പിയാക്കും മെക്സിക്കോക്കും മദ്ധ്യേ ഓടിക്കൊണ്ടിരുന്ന ഒരു പഴയ കപ്പലിൽ ഞാൻ പാചകനും സാമാന്യസൂക്ഷിപ്പുകാരനും ഖജാൻജിയും തുറമുഖത്തു് അടുക്കുമ്പോൾ കായ്യനികച്ചവടക്കാരനും ആയിരുന്നു. അന്നത്തെ ഒരു യാത്രയെപ്പറ്റി ഇന്നും ഞാൻ ഓർമ്മിക്കുന്നുണ്ട്. ആ തവണ കപ്പലിൽ അഞ്ചു യാത്രക്കാരും അഞ്ചു ടൺ വെടിമരുന്നുമുണ്ടായിരുന്നു. കൊളമ്പിയായിലെ ചില ഗവർമ്മെണ്ടു് ഉദ്യോഗസ്ഥന്മാരെ ശരിപ്പെടുത്താൻവേണ്ടി രഹസ്യമായി കയറ്റിയിരുന്ന ആ വെടിമരുന്നിനു കൂട്ടായി കുലികിട്ടിയതുകൊണ്ടു് ആ പ്രാവശ്യം നഷ്ടത്തിനൊന്നും ഇടയായില്ല."

"ഇക്കൂട്ടത്തിലുണ്ടായിരുന്ന ഒരു യാത്രക്കാരനെക്കുറിച്ചാണ് എന്റെ കഥ. ഞങ്ങളുടെ കൂടെയുണ്ടായിരുന്നവരിൽ രണ്ടു മെക്സിക്കോ രാജ്യക്കാർക്കു ഉത്തരമുറക്കവുമെഴുതുള്ള സമയങ്ങളിൽ സിഗററുവലിയാണ് ജോലി. ഡെമരാരയിലെയ്ക്കു പോകുന്ന ഒരു മോടിയായി വസ്ത്രം ധരിച്ച വൃദ്ധനായ ഇംഗ്ലീഷ്ക്കാരൻ, തന്റെ വാക്കുകളും പ്രവൃത്തികളും ശരിയാണെന്നും മറ്റുള്ളവരുടെതെല്ലാം തെറ്റാണെന്നുമുള്ള അഭിപ്രായക്കാരനായിരുന്നു. ഇയ്യാൾക്കു ഒരു കൂലിക്കാരനും കൂടെയുണ്ടു. അഞ്ചാമത്തെ യാത്രക്കാരൻ ഒരു പാതിരി അഥവാ പട്ടക്കാരൻ ഫാദർ അന്ത്രോസ് ആയിരുന്നു. ഇദ്ദേഹത്തെപ്പോലെ എളിമയും വിനയമുള്ള ഒരു മനുഷ്യനെ ഇതിനുമുമ്പു ഞാൻ കണ്ടിട്ടില്ല. ക്ഷീണിച്ചു അങ്ങേ അ

ററം പററിയിരുന്നു. മുഖത്തെല്ലാം മസൂരിക്കല കാണുന്നുണ്ട്. ക്രൂടാതെ അദ്ദേഹത്തിന്റെ ഒരു തോളം മറേറതിനെക്കാളം ഉയന്നാണിരിക്കുന്നതു്. പ്രകൃതിപോലും ഫാദർ അന്ത്രേസിനോടു കരുണ കാണിച്ചിരുന്നില്ല. അദ്ദേഹം ധരിച്ചിരുന്നതു് പഴക്കംകൊണ്ടു ദ്രവിച്ചുതുടങ്ങിയ ഒരു ഉടുപ്പായിരുന്നു. അദ്ദേഹത്തിന്റെ കയ്യിൽ 'ബ്രെവിയാരിയും' എന്നു പേരെഴുതിയിരിക്കുന്ന ഒരു ചെറിയതും പഴക്കത്താലും ഉപയോഗത്താലും വൃത്തിഹീനവുമായ പുസ്തകവും എല്ലായ്പോഴമുണ്ടു്. മുകളിലത്തെ തട്ടിലിരിക്കുമ്പോൾ അദ്ദേഹം അതാണു സാധാരണ വായിക്കാറുള്ളതു്. വായിക്കാത്ത സമയങ്ങളിൽപോലും നിലത്തുനിന്നും കണ്ണുയത്തി നോക്കുന്നതിനു് അദ്ദേഹത്തിനു ഭയമാണെന്നു തോന്നുന്നു! അദ്ദേഹം, ഒരിക്കൽ – അതും വളരെ താമസിച്ചു – മാത്രമേ എന്റെ മുഖത്തു് നോക്കീട്ടുള്ളൂ.

"താൻ ഒരംഗമായ തന്റെ സഭയെ ആദരിച്ചു പറയുന്നതിനുപോലും അദ്ദേഹത്തിനു ഭയമാണെന്നുവേണം വിചാരിക്കാൻ. എന്തുകൊണ്ടെന്നാൽ പാതിരിയുടെ മുമ്പാകെവെച്ചു ഞങ്ങളുടെ ക്രൂടെയുണ്ടായിരുന്ന ആ മതഭ്രാന്തനായ ഇംഗ്ലീഷ് ലോ ചർച്ചുകാരൻ കത്തോലിക്ക സഭയെപ്പററി പലേ പ്രാവശ്യവും കുറാരോപണം ചെയ്തെങ്കിലും ഫാദർ അന്ത്രോസ് നിശബ്ദനായി കാണപ്പെട്ടിരുന്നു. ഇതുകൊണ്ടൊക്കെ എനിക്കു അദ്ദേഹത്തോടു വളരെ വെറുപ്പായിരുന്നു. ഇയാളം മനുഷ്യരുടെ കൂട്ടത്തിൽ യാതൊരു ജോലിക്കും കൊള്ളാഞ്ഞിട്ടു പട്ടക്കാരനായിത്തീന്നതാണെന്നു ഞാൻ വിചാരിച്ചു.

"ഞാൻ ഒരു നല്ല പഴയ കുടുംബത്തിൽ ജനിച്ചവനാണു. എനിക്കു കത്തോലിക്ക സഭയോടോ പട്ടക്കാരോടോ യാതൊരു വിരോധവുമില്ല. ഞാൻ താമസിച്ചിട്ടുള്ള സ്ഥലങ്ങളിലെല്ലാം കത്തോലിക്കർ ധാരാളമുണ്ടായിരുന്നതുകൊണ്ടു അവരെ നേരിട്ടു അറിയുന്നതിനും ബഹുമാനിക്കുന്നതിനും എനിക്കു അവസരം ലഭിച്ചിട്ടുണ്ടു്. അധികാരത്തെ അനുസരിക്കുന്നതിനുള്ള അവരുടെ സന്നദ്ധതയെ സമ്മതിക്കതന്നെവേണം. ഉത്തരധ്രുവത്തി

ലേക്കു വേഗം പോകണമെന്നു തന്റെ ശ്രേഷ്ഠൻ കല്പിച്ചാൽ യാതൊരു ഒരുക്കമൊ ചിന്തയൊ ക്ലേശമൊ കൂടാതെ ഉടൻ പുറപ്പെടുന്ന ഒരു പാതിരിയെ ഞാനറിയും. ലത്തീൻ ജാതിക്കു വല്ല മതവും പറയത്തുണ്ടെങ്കിൽ അതു കത്തോലിക്കമതമാണ്. ഇതുയും സംഗതികളും ഞാൻ പറഞ്ഞതു എനിക്കു ഫാദർ അന്ത്രോസിനോടു ഒരു പട്ടക്കാരനെന്ന നിലയിൽ യാതൊരു വിരോധവുമില്ലെന്നു കാണിക്കാനാകുന്നു. എന്നാൽ ഇപ്പോൾ ഞാൻ പറയുന്നതു അദ്ദേഹം ഇതുയും വലിയ ഈ ഉദ്യോഗത്തിനു് യോഗ്യനല്ലെന്നു തോന്നുന്നുവെന്നാണ്.

"ഞങ്ങളുടെ കപ്പിത്താൻ, പാതിരിയെ ചൂണ്ടിക്കാണിച്ചുകൊണ്ടു ഇപ്രകാരം പറഞ്ഞു: 'ഈ പാതിരിമാർ ചെയ്യുന്ന കഠിന ഉപവാസം നിമിത്തമാണ് അവർ ഇപ്രകാരമായിത്തീരുന്നതു്. ഈ സാധു ഏത്തക്കായും വെള്ളുള്ളിയുംമാത്രം തിന്നുന്നതുകൊണ്ടു അദ്ദേഹത്തിന്റെ വീര്യമെല്ലാം നശിച്ചുപോയി. ഇദ്ദേഹം ദിവസത്തൊറും നല്ലപോലെ ഉലത്തിയ ഒന്നരണ്ടു റാത്തൽ ബ്രിട്ടീഷ് ഗോമാംസം തിന്നിരുന്നെങ്കിൽ ഇയ്യാൾ വേറെ ഒരു ചൂണക്കുട്ടിയായിത്തീരുമായിരുന്നു.'

"ഞങ്ങളുടെ യാത്രാമധ്യേ ഒരുദിവസം പ്രഭാതത്തിൽ കപ്പലിലെ ഒരു ആവിക്കുഴൽ വലിയ ശബ്ദത്തോടുകൂടെ പൊട്ടി ഫയർമാന്മാരിൽ ഒരുത്തനെ കൊല്ലുകയുണ്ടായി. ഫയർമാന്മാരെ വലിയ ചിലവുകൂടാതെ ധാരാളം കിട്ടുന്നതാകകൊണ്ടു ഞങ്ങൾക്കു അധികം ക്ലേശമുണ്ടായില്ല. എന്നാൽ ഞങ്ങളുടെ യാത്രയ്ക്കു ഭംഗം വന്നതുകൊണ്ടു അല്പം അസുഖം തോന്നിയതിൽ ആശ്ചര്യപ്പെടാനുമില്ലല്ലോ. എഞ്ചിനീയർ കുഴൽ ശരിപ്പെടുത്തുന്നതിനു വളരെ പണിപ്പെട്ടിട്ടും സാധിച്ചില്ല. കുറെ കഴിഞ്ഞപ്പോൾ ഒരുത്തൻ കപ്പലിനു തീപിടിച്ചെന്നു വിളിച്ചു പറഞ്ഞു. എഞ്ചിനീയരും ക്ലാർക്കും മുകൾത്തട്ടിൽ പാഞ്ഞെത്തി; എങ്കിലും വെടിമരുന്നു ഇരിക്കുന്നേടത്തു അടുക്കുന്നതിനു സാധിച്ചില്ല. എല്ലാവരും ആ അഗ്നിപർവ്വതത്തിൽനിന്നും ഓടി രക്ഷപ്രാപിക്കാൻ ശ്രമിച്ചു. ഒരുത്തനും തീ കെടുത്തുവാൻ യത്നിച്ചി

ല്ല; എന്തുകൊണ്ടെന്നാൽ അതിനു സമയമുണ്ടായിരുന്നില്ല. കപ്പൽ ഭീമ ചെയ്തിരുന്നതുകൊണ്ടും വെടിമരുന്നിന്റെ കപ്പൽക്കുലി മുമ്പേ വാങ്ങിയിരുന്നതിനാലും ഞങ്ങൾക്കൊരു നഷ്ടത്തിനും ഇടയില്ലല്ലൊ. ഉടനെ ബോട്ടുകൾ ഇറക്കി ആളുകളെ രക്ഷിക്കാനാണു ഉത്സാഹിച്ചതു്. ഞങ്ങൾ ആദ്യം യാത്രക്കാരെയെല്ലാം ബോട്ടിൽ കയറ്റി. പിന്നീടു കപ്പലിലെ ജോലിക്കാരും അതിൽ പ്രവേശിച്ചു. ഞാൻ അന്ത്രോസ് പാതിരിയെ നോക്കിയപ്പോൾ അദ്ദേഹം കപ്പലിലെ ചരക്കുമുറിയിലേയ്ക്കു പോകുന്നതായിട്ടാണു് കണ്ടതു്.

"പാതിരീ, വേഗം ബോട്ടിൽ കയറണം. ഒറ്റനിമിഷം പോലും താമസിക്കരുതു" എന്നു ഞാൻ വിളിച്ചുപറഞ്ഞു.

"അമിഗോ, കൊല്ലപ്പെട്ടതായി പറയപ്പെട്ടന്ന ആ മനുഷ്യൻ ഇനിയും മരിച്ചിട്ടില്ല; അയാൾ മരിക്കുന്നതേയുള്ളൂ' എന്നു അദ്ദേഹം ശാന്തമായി പറഞ്ഞു.

"അദ്ദേഹം രക്ഷപെടുന്നകാര്യം അസാധ്യം; താമസിക്കാതെ ഉടൻ വന്നു ബോട്ടുകയറുക' എന്നു ഞാൻ ധൃതിക്കൂട്ടി.

"' സമയം തരാമെങ്കിൽ ഞാൻ അയാൾക്കു അന്ത്യശുശ്രൂഷകളെല്ലാം കൊടുക്കാം. ദൈവം അതു് ചെയ്യുന്നതിനു എന്നെ അനുവദിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു' എന്നു പാതിരി തുടർന്നുപറഞ്ഞു.

"ഞാൻ അദ്ദേഹത്തിന്റെ ഉടുപ്പിൽ പിടിച്ചു; എന്നാൽ ഞാൻ പിടിച്ചഭാഗം, പഴക്കത്താൽ കീറിയതുനിമിത്തം എന്റെ കൈവശമിരുന്നു. പാതിരി മരണാസന്നന്റെ അടുക്കലേക്കു ഓടി ഇറങ്ങിപ്പോയി.

"ഞാൻ ഒന്നുകൂടി വിളിച്ചപ്പോൾ പാതിരി എന്റെ മുഖത്തേക്കു, നേരെ ഒന്നുനോക്കി. അദ്ദേഹത്തിന്റെ നേത്രങ്ങൾ ജ്വലിക്കുന്നതും പ്രകാശമുള്ളതുമായി കാണപ്പെട്ടു. ഞാൻ ഈ കാഴ്ച ഒരിക്കലും മറക്കുന്നതല്ല. അദ്ദേഹത്തെ പിന്നീടു ഞാൻ കണ്ടിട്ടില്ല.

"എന്നെ കപ്പിത്താൻ വിളിച്ചു. ഞാൻ കയറിൽക്കൂടി

ഉടൻ ഇറങ്ങി ബോട്ടിൽ ചെന്നുപറ്റി. ഉടൻതന്നെ അതു എരിയുന്ന കപ്പലിന്റെ അടുക്കൽനിന്നും തള്ളിമാറ്റി.

"പിന്നീട് അവിടെയെങ്ങും ഒരു പൊട്ടന്ന ശബ്ദം മുഴങ്ങി കപ്പൽ സാവധാനത്തിൽ താഴ്ന്ന് താഴ്ന്ന് തിരമാലകളുടെ അടിയിൽ അഭയം പ്രാപിച്ചു.

"'പാതിരി എവിടെയാണു?' എന്നു കപ്പിത്താൻ ചുറ്റിലും നോക്കിയതിന്റെശേഷം എന്നോട് ചോദിച്ചു.

"ഞാൻ നടന്ന കാര്യങ്ങളെല്ലാം അയാളെ പറഞ്ഞു കേൾപ്പിച്ചു.

"'അദ്ദേഹം ഒരു നല്ല മനുഷ്യൻതന്നെ' എന്നു കപ്പിത്താൻ പറഞ്ഞു. പിന്നീട് അയാൾ തലയിൽനിന്നും തൊപ്പിയെടുത്തു കുറെ നേരം നഗ്നശിരസ്കനായി നിന്നതിന്റെശേഷം 'അദ്ദേഹം ഒരു നല്ല മനുഷ്യൻതന്നെ' എന്നു വീണ്ടും ആവർത്തിച്ചു.

"അല്ലോസ് പാതിരി കണ്ടമാതിരിയല്ല തന്നെ!"

കാശിരാജാവായ ബ്രഹ്മദത്തൻ കാട്ടിൽനിന്നു ഒരു കുരങ്ങിനെ കിട്ടി. അതിനെ കുറെക്കാലം ഓമനയായി വളർത്തിയശേഷം അതിനോടുള്ള പ്രീതിനിമിത്തം സ്വതന്ത്രനാക്കി കാട്ടിൽ കൊണ്ടുവിട്ടു. കുരങ്ങിന്റെ പഴയ സ്നേഹിതന്മാർ അടുത്തുകൂടി അതിനോട് മനുഷ്യരുടെ ഇടയിൽ അവൻ കണ്ട വിശേഷങ്ങളെല്ലാം ചോദിച്ചു. "മനുഷ്യർ എങ്ങിനെയുള്ളവരാണ്? അവർ എങ്ങിനെയാണു ഉപജീവിക്കുന്നതു?"

"അക്കാര്യംമാത്രം എന്നോട് ചോദിക്കണ്ടാ."

"എന്തുകൊണ്ടു? ഞങ്ങൾക്കറിയണം, പറക?"

"കുറെപേരെല്ലാം രാജാവായാലും പുരോഹിതനായാലും, നേരും നേരവും 'എനിക്കു എനിക്കു' എന്നു പറഞ്ഞുകൊണ്ടിരിക്കും."

കുരങ്ങു പറഞ്ഞതിന്റെ സാരം മനുഷ്യർ ഒരിക്കലും തൃപ്തിപ്പെടാതെ ധനം സമ്പാദിക്കണം എന്നുള്ള ഏകവിചാരത്തോടുകൂടെ ഇരിക്കുന്നു എന്നാണ്.

കുരങ്ങുകാരൻ:- "മതി, മതി. മനുഷ്യരെക്കുറിച്ചു കേട്ടതു മതി."

———:0:———

പാപ്പായിലെ

അത്ഭുതപ്രവർത്തകൻ.

(ശ്രീമാൻ വി. പോൾ അക്കര.)



അസ്സീസിയിലെ വി. ഫ്രാൻസീസിന്റെ ജീവചരിത്രത്തിൽ പ്രത്യേകമായി ഒരു സംഗതി നാം വായിക്കുന്നതു്, പുണ്യവാൻ പ്രേഷിതവൃത്തിക്കുവേണ്ടി ഭൂലോകത്തെ തന്റെ സന്യാസികൾക്കായി ഭാഗിച്ചു കൊടുത്തപ്പോൾ ഫ്രാൻസ് തനിക്കു സ്വന്തമായി സ്വീകരിച്ചുവെന്നുള്ളതാണ്. ഇപ്രകാരം പ്രവർത്തിക്കുന്നതിനുള്ള കാരണം ചോദിച്ചപ്പോൾ "ലോകത്തിന്റെ മറേറതു ഭാഗത്തുള്ളതിനേക്കാൾ കൂടുതലായി ദിവ്യകാരുണ്യത്തെ അവിടെ ആരാധിക്കുന്നുണ്ടു്" എന്നാണ് വിശുദ്ധൻ മറുപടി പറഞ്ഞതു്. ദിവ്യകാരുണ്യത്തിന്റെ നേർക്ക് അതീവസ്നേഹം പ്രകടിപ്പിച്ചിരുന്ന വി. ഫ്രാൻസീസിന്റെ ആദ്ധ്യാത്മിക മക്കളും തന്നെ അനുകരിച്ചിരുന്നുവെന്നു പറയുന്നതിൽ അത്ഭുതപ്പെടുവാനില്ലല്ലോ. വി. അന്തോനീസും, വി. ക്ലാരയും ഇക്കൂട്ടത്തിൽ പ്രഥമഗണനിയരാണ്. ഇവരിരുപേക്ഷം തങ്ങളുടെ ദൃഢവിശ്വാസഫലമായി ഈശോയെ വീക്ഷിപ്പാൻ സാധിച്ചിട്ടുണ്ട്.

കത്തോലിക്കാമതത്തെ എതിർത്തിരുന്ന പതിതന്മാരുടെ ചമ്മട്ടിയായിരുന്ന വി. അന്തോനീസ്. വിസ്മയാവഹമായ തന്റെ ബുദ്ധിസാമർത്ഥ്യം അവരുടെ ഏവരുടേയും എതിർന്യായങ്ങളെ അതിശയിച്ചിരുന്നു. ഒരിക്കൽ ടൂളോസിൽവെച്ചു് അൽബിജെൻസ് വിമതവാദികളുടെ കുതക്കങ്ങളെ തകർക്കുന്ന ലക്ഷ്യത്തിൽ വളരെ ശ്രദ്ധയുള്ള ഒരു പതിതനുമായി തനിക്കു വാഗ്

വാദം നടത്തേണ്ടിവന്നു. പതിതന്റെ ഓർമ്മായങ്ങൾക്കെല്ലാം വിശുദ്ധൻ ശരിയായ മറുപടി കൊടുക്കയുണ്ടായെങ്കിലും അവൻ പൂർണ്ണമായി മനസ്സുതിരിഞ്ഞില്ല. ഒടുവിൽ അവൻ വി. അന്തോനീസിനോടു പറഞ്ഞു: "നമുക്ക് വാഗ്വാദം വേണ്ടെന്നുവെച്ചു പ്രവൃത്തിപഥത്തിലേക്കു പ്രവേശിക്കുക. ദിവ്യകാരുണ്യത്തിൽ ക്രിസ്തുവിന്റെ സാന്നിദ്ധ്യമുണ്ടെന്ന് ഒരത്ഭുതപ്രവർത്തനം മൂലം തെളിയിക്കുന്നതായാൽ പതിതമതത്തെ തിരസ്കരിച്ചു കത്തോലിക്കാസഭയിൽ ഞാൻ ഒരംഗമായി ചേർന്നുകൊള്ളാം." സ്വന്ത ദിവ്യ ഗുരുവിൽ പൂർണ്ണശരണംവെച്ചുകൊണ്ട് "അങ്ങനെതന്നെ" എന്നു വിശുദ്ധൻ പ്രത്യുത്തരിച്ചു. പതിതൻ പറഞ്ഞു: "ഇതാണു ഞാൻ അത്യാവശ്യപ്പെട്ടതു്; എനിക്ക് ഒരു കഴുതയുണ്ട്. ഞാൻ മൂന്നു ദിവസത്തേക്ക് അതിനെ പട്ടിണിയിടും. അതിനുശേഷം, നിങ്ങളുടേയും ക്രൂശിയിരിക്കുന്നവരുടേയും മുമ്പിൽ കൊണ്ടുവന്ന് അതിനു ഭക്ഷണം കൊടുക്കും. അപ്പോൾ നിങ്ങൾ നിങ്ങളുടെ ക്രിസ്തുവിനെ എഴുന്നെള്ളിച്ചുകൊണ്ടുവരിക. അഖില സൃഷ്ടങ്ങളും തന്നെ ആരാധിക്കണമെന്നു നിങ്ങൾ പറയുന്ന ദൈവത്തെ, തീറ്റി വേണ്ടെന്നുവെച്ച് ആ കഴുത അപ്പോൾ ആരാധിക്കുമോയെന്നു നമുക്കു നോക്കാം. അങ്ങനെ സംഭവിക്കുന്നപക്ഷം കത്തോലിക്കാ സഭയുടെ പഠനങ്ങളെ പൂർണ്ണമായി ഞാൻ സ്വീകരിച്ചുകൊള്ളാം."

നിശ്ചിതദിവസം വന്നെത്തി. കത്തോലിക്കരും, പതിതന്മാരുമായി ഒട്ടുവളരെ ജനങ്ങൾ നാനാഭാഗങ്ങളിൽനിന്നും ആഗതരായി. അടുത്തുണ്ടായിരുന്ന ഒരു കപ്പേളയിൽ വാനാശ്രുപകർന്നുകൊടുത്ത തീക്ഷ്ണതയോടുകൂടി വി. അന്തോനീസ് ദിവ്യപൂജ അർപ്പിക്കയായിരുന്നു. കഴുതയും ഭക്ഷണസാധനവുംകൊണ്ടു നമ്മുടെ പതിതനും വന്നുചേർന്നു. അവന്റെ പാർശ്വസ്സേവികളായി വന്നിരുന്ന പതിതന്മാർ അവനു വിജയമാശംസിക്കയുണ്ടായി. അനന്തരം, വി. അന്തോനീസ് ദിവ്യകാരുണ്യമെഴുന്നള്ളിച്ചുകൊണ്ടുവന്ന് കഴുതയോടിപ്രകാരം കല്പിച്ചു: "അയോഗ്യനായ ഞാൻ സ്രഷ്ടാവിന്റെ നാമത്തിലും ശക്തിയിലും പറയുന്നു; സാധു മൃഗ

മേ, ക്ഷണത്തിൽ വന്നു സ്രഷ്ടാവിനെ ആചരം ചെയ്യുക. സൃഷ്ടവസ്തുക്കളെല്ലാം തങ്ങളുടെ സ്രഷ്ടാവായ ദൈവത്തിനാധീനപ്പെട്ടവരാകുന്നുവെന്ന് പതിതന്മാർ അറിയുവാൻ ആവശ്യമായിരിക്കുന്നു!"

തത്സമയം, മുന്നു ദിവസമായിട്ടു പട്ടിണി കിടന്നിരുന്ന ആ മൃഗത്തിനു ഭക്ഷണസാധനം നല്കി. അത്ഭുതമെ! കഴുത ഭക്ഷണം നിരാകരിച്ചു. വി. അന്തോനീസിന്റെ സ്വരം ശ്രവിച്ചുകൊണ്ടിരുന്ന കഴുത, യേശുക്രിസ്തുവിന്റെ തിരുനാമം ശ്രവിച്ച മാത്രയിൽ തല കുനിക്കുകയും, മുട്ടുകുത്തി ജീവന്റെ ക്രോശയെ ആരാധിക്കുകയും ചെയ്തു. ഇതുകണ്ടു കത്തോലിക്കർ ആനന്ദാട്ടഹാസം മുഴക്കി; പതിതന്മാർ അമ്പരന്നു. കഴുതയുടെ ഉടമസ്ഥനാകട്ടെ വാശാനാനന്തരം പതിതമതമുപേക്ഷിച്ചു തിരുസ്സഭയുടെ ഒരു വിശ്വസ്തപുത്രനായിത്തീർന്നു.

പതിതന്മാർ വി. അന്തോനീസിനെ തിരസ്കരിച്ച സന്ദർഭത്തിൽ മത്സ്യങ്ങൾ തന്റെ പ്രസംഗം കേൾക്കുക, തന്നിമിത്തം ഒട്ടുവളരെ പതിതന്മാർ മനസ്സുതിരിയുക മുതലായ നിരവധി അത്ഭുതങ്ങൾ നമ്മുടെ വിശ്രുതൻ പ്രവർത്തിച്ചിട്ടുണ്ട്. അത്ഭുതപ്രവർത്തകന്റെ സപ്തമ ശതവർഷം ആഘോഷിക്കപ്പെടുന്ന ഈ ഘട്ടത്തിൽ വിശ്രുതൻ നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

ജോസിന്റെ ദാനം.

ജോസു കളികളിൽ ബഹു തല്പരനാണ്. കാൽപന്താട്ടക്കളിയാണു് അവന്റെ പ്രധാന വിനോദം. പക്ഷെ സ്വന്തമായി ഒരു പന്തു അവനില്ലാത്തതു അനല്പമായ ഇശ്ശാഭംഗത്തിനു കാരണമായിത്തീർന്നു. ജോസിന്റെ മാതാപിതാക്കന്മാർ കേവലം ദരിദ്രരാണ്. ഒരു നല്ല പന്തുടമസ്ഥനായിരിക്കയെന്നതു ഒരു മഹാ ഭാഗ്യമായിട്ടാണ് ജോസു കരുതി പോന്നതു. ഈ മഹാ ഭാഗ്യം സിദ്ധിച്ചിട്ടുള്ള ചിലരെല്ലാം അവന്റെ ച

ങ്ങാതിമാരുടെ കൂട്ടത്തിൽ ഉണ്ടു. രാജയോഗ്യമായ ബഹുമതിയോടെയാണ് മറ്റു കുട്ടികൾ ഇവരെ ആദരിച്ചു പോരുന്നതു. മുടിയും ചെങ്കോലും ഇല്ലെന്നുള്ള വ്യത്യാസമെയുള്ളൂ. ഉപ്രകാരമുള്ള ഈ കൊച്ചുതമ്പുരാക്കന്മാരുടെ അനുചരന്മാരായി ഒരു ഗണം കുട്ടികളെ സദാ കാണാം. പന്തുടമസ്ഥന്മാരുടെ ആജ്ഞകളെ അക്ഷരംപ്രതി അനുവർത്തിക്കാൻ അവർ എപ്പോഴും തയ്യാർ. അങ്ങനെ ചെയ്തില്ലെങ്കിൽ, ചിലപ്പോഴെങ്കിലും പന്തൊന്നു തൊടുന്നതിനോ കാലുകൊണ്ടു അടിക്കുന്നതിനോ കൈകൊണ്ടു തട്ടുന്നതിനോയുള്ള ഭാഗ്യം കണികാണാൻപോലും അവർക്കു കിട്ടുകയില്ല. ഇങ്ങനെ ചങ്ങാതിമാരുടെ ഇടയിൽ പന്തുടമസ്ഥന്മാർക്കുള്ള അസാമാന്യ സ്വാധീനശക്തി ജോസുകുട്ടിക്കു കുറെയെങ്കിലും അസൂയ ഉളവാക്കാതിരുന്നില്ല. തന്നിമിത്തം എങ്ങനെയെങ്കിലും ഒരു പന്തു കരസ്ഥമാക്കണമെന്നു അവൻ തീച്ചപ്പെടുത്തി.

മാതാപിതാക്കന്മാരുടെ സഹായം അഭ്യർത്ഥിച്ചാൽ ഫലം നാസ്തിയെന്നു അവനു നല്ലപോലെ അറിയാം. അതിനാൽ അവനു ഒരു ഉപായം കണ്ടുപിടിച്ചു. സ്കൂളിലേയ്ക്കുള്ള റോഡരികെ ചില വഴിക്കച്ചവടക്കാർ ഇരിക്കുക പതിവുണ്ടു. അവർക്കു തലേദിവസം ശേഖരിച്ചുതായ കശുവണ്ടി, മരോട്ടിക്കുരു, അടക്ക, കാഞ്ഞിരക്കുരു, പുന്നാക്ക, മുതലായ സാധനങ്ങൾ ഇവൻ കൊടുത്തു കിട്ടിയ തുക അവന്റെ രഹസ്യച്ചെപ്പിൽ സൂക്ഷിച്ചുവെച്ചിരുന്നു. ആരുമില്ലാത്ത തക്കംനോക്കി ഈ ചെറ്റപ്പു തുറന്നു അവന്റെ സമ്പാദ്യം എണ്ണിനോക്കുന്നതു ജോസിനു വളരെ രസമുള്ള കായ്യമായിരുന്നു. ഉദ്ദേശം ആറേഴു മാസം കഴിഞ്ഞപ്പോഴേക്കു അവന്റെ അഭീഷ്ടം സാധിക്കത്തക്കവണ്ണമുള്ള ഒരു തുക അവൻ സമ്പാദിച്ചുകഴിഞ്ഞു.

ഇങ്ങനെ ഇരിക്കെ, അവൻ അഭ്യസനം നടത്തിയിരുന്ന കന്യകാമഠംവക സ്കൂളിൽ കന്മേലമാതാവിന്റെ തിരുനാൾ സമീപിച്ചു. പ്രസ്തുത സ്കൂൾ കപ്പേള അലങ്കരിക്കുന്നതിനും, തിരുനാൾ മോടിപിടിപ്പിക്കുന്നതിനും വേണ്ടസജ്ജീകരണങ്ങൾ ചെയ്യുന്നതിൽ തൽഭാരവാഹിനിയായ സഹോദരി സത്രത്തും ബദ്ധ

പ്പെട്ടിരിക്കയാണു്. കുട്ടികളം ഓരോരുത്തരും അവനവന്റെ സ്ഥിതിക്കനുസരണമായ ഓരോ കാഴ്ചകളംകൊണ്ടു മാതാവിനെ സന്തോഷിപ്പിക്കണമെന്ന ആ സഹോദരി നേരത്തെതന്നെ കുട്ടികളെ മനസ്സിലാക്കാതെയിരുന്നില്ല. കുട്ടികളും യഥായോഗ്യം ഓരോ കാഴ്ചകളും മാതാവിനു സമർപ്പിച്ചുകഴിഞ്ഞു. ദരിദ്രരായ കുട്ടികളം ഓരോ ചെറിയ മെഴുകുതിരി മാതാവിന്റെ പീഠത്തിൽ സമർപ്പിച്ചു. ജോസു കാശില്ലാഞ്ഞതുകൊണ്ടു ദുഃഖിച്ചു. എങ്കിലും അവന്റെ രഹസ്യം ചെപ്പിനെക്കുറിച്ചുള്ള ഓർമ്മ അവനിൽ സദാ ഉണ്ടായിരുന്നു. പക്ഷേ എന്തുചെയ്യാം? അവന്റെ വാത്സല്യ ചിന്താവിഷയമായിരുന്ന 'രസികൻ പന്തു' അവനെ അലട്ടിക്കൊണ്ടിരുന്നു. തന്നിമിത്തം ആയാണ്ടത്തെ തിരുനാളാഘോഷത്തിനായി സ്വദേഹംകൊണ്ടു എന്തുപൂജയും ചെയ്യുന്നതിനു അവൻ തീർച്ചയാക്കി. അതിനാൽ കപ്പേളയിൽ മാലകളം കൊടികളം, തിരശ്ശീലകളം, തോരണങ്ങളം മുതലായവ യഥാസ്ഥാനങ്ങളിൽ ഉറപ്പിച്ചു കപ്പേള മോടിപിടിപ്പിക്കുന്നതിനു അവൻ സ്വയം തീരുമാനിച്ചു.

ജോസു പ്രകൃത്യാ മെലിഞ്ഞ ദേഹമുള്ളവനും കൈകാലുകളം നന്നാ ശോഷിച്ചവനുമായിരുന്നു. ഒരു കൊച്ചു കുരങ്ങിനെപോലെ, അവൻ വളരെ പൊക്കമുള്ള തൂണുകളിന്മേൽ ക്രടെയും നിഷ്പ്രയാസം കയറുന്നതുകണ്ടു സഹോദരികളംക്കു അത്ഭുതവും ഭയവും ഒരേസമയത്തു തോന്നാതിരുന്നില്ല. അവനു അപകടം ഒന്നും സംഭവിക്കല്ലെ എന്നായിരുന്നു അവരുടെ അപേക്ഷ. ജൂലായി പതിനഞ്ചാം തിയതിക്കു മുമ്പായി ജോസിന്റെ പ്രത്യേക പരിശ്രമത്താൽ കപ്പേള ചേതോഹരമാംവണ്ണം അലങ്കരിക്കപ്പെട്ടിരുന്നു. എങ്കിലും അവന്റെ മനസ്സിൽ ഇപ്പോഴും ഒരു കുണ്ഠിതം ശേഷിച്ചു കിടപ്പുണ്ടു. മറെറാന്നുമല്ല അതു. അവന്റെ വകയായി യാതൊരു ദാനവും - ഒരു ചെറിയ മെഴുകുതിരിയൊ, ഒരു നിസ്സാര പൂച്ചെണ്ടൊ - അവിടെ കാണുന്നില്ല. ഏവംവിധമായ ചിന്താഭാരത്താൽ അസ്വസ്ഥചിത്തനായി പതിനഞ്ചാം തീയതിയും അങ്ങിനെ കഴിച്ചുകൂട്ടി. കമ്മെലനാഥയുടെ തിരുനാളാ

യ പിറ്റെ ദിവസം സ്കൂൾകുട്ടികൾ എല്ലാവരും, കപ്പേളയിൽ വന്നുചേർന്ന് വിസ്മയഭരിതരായി പരസ്പരം നോക്കി. അവർ ആരും ഇതുവരെ കണ്ടിട്ടില്ലാത്ത അതി വിശേഷമായ ഒരു വിളക്ക് മാതാവിന്റെ സ്വരൂപത്തിൻ മുമ്പിൽ തൂങ്ങി കിടക്കുന്നു. മദ്ധ്യാഹ്നസൂര്യന്റെ മുമ്പിൽ മിന്നാമിനുങ്ങുകൾ എപ്രകാരമൊ അപ്രകാരമായിരുന്ന അഭിനവമായി അവിടെ പ്രത്യക്ഷപ്പെട്ട ആ തേജഃപുഞ്ജത്തിന്റെ സന്നിധിയിൽ മറ്റു കുട്ടികൾ ഭാനമായി സമപ്പിച്ച ദീപാവലി. കുട്ടികളിൽ ആരുമാവട്ടെ സഹോദരികൾ തന്നെയാവട്ടെ പ്രസ്തുത ദീപം ആർ, എങ്ങിനെ അവിടെ കൊണ്ടുവന്നുവെന്നറിഞ്ഞിരുന്നില്ല. കുമ്പാനം കഴിഞ്ഞു പുറത്തിറങ്ങിയപ്പോൾ കുട്ടികളുടെ സംസാരവിഷയവും ആ വിളക്കുതന്നെയായിരുന്നു. ശിശുത്തരത്തിലും ഒന്നാം ക്ലാസ്സിലും പഠിക്കുന്ന പൈതങ്ങൾ "മാലാഖമാർ രാത്രി കൊണ്ടുവന്നുവെച്ചതാണ് ആ വിളക്ക്" എന്നു ശഠിച്ചു. "ഹെ അങ്ങനെയല്ല, നമ്മുടെ ക്ലാസ്സിൽനിന്നു വല്ലവരും ആയിരിക്കണം" എന്നായി മുതിർന്ന കുട്ടികൾ. ഈ നേരമെല്ലാം നമ്മുടെ ജോസു അസാമാന്യ തടിയനായ ജോണിയുടെ പിറകിൽ മിണ്ടാതെ നിലകൊള്ളുന്നതു പ്രായംകുടിയ കുട്ടികൾ കണ്ടപ്പോൾ, സംഗതിയുടെ യഥാർത്ഥ്യം ഏറെക്കുറെ അവരും ഗ്രഹിക്കാതിരുന്നില്ല. എന്തിനേറെ, ജോസിന്റെ ഇംഗിതം അറിഞ്ഞിട്ടാണോ എന്നു തോന്നുമാറു, സഹോദരി കുട്ടികളുടെ തർക്കം തീർക്കാൻ ഇങ്ങിനെ പറഞ്ഞു. "കുട്ടികളെ, ആ വിളക്കു ദാനം ചെയ്തവന്റെ അവന്റെ പേർ പരസ്യമാക്കരുതെന്നാണു ആഗ്രഹമെന്നു തോന്നുന്നു. അതുകൊണ്ടു ആ രഹസ്യദാതാവിനുവേണ്ടി നമുക്കു ഒരു "നന്മനിറഞ്ഞ മറിയമെ" എന്ന ജപംചൊല്ലാം." ഇതുയും പറഞ്ഞതോടെ കുട്ടികൾ എല്ലാവരും മുട്ടുകുത്തി ജപംചൊല്ലി.

ഇങ്ങനെ ജോസു സംഭരിച്ചുവെച്ചിരുന്ന പണം മാതാവിനു ഒരു വിളക്കിനുവേണ്ടി ബലികഴിച്ചു. തന്നിമിത്തം ജോസിനു ഒരു നല്ല പന്തു നഷ്ടപ്പെട്ടു എന്നു നിങ്ങൾ വിചാരിക്കുന്നുണ്ടോ? ഏറെ താമസിയാതെ അവന്റെ ഇടവകയിൽ സ്ഥാ

പിതമായിരുന്ന കെ. സി. സി. എ. സംഘക്കാർ, ജോസു പഠിക്കുന്ന സ്കൂളിൽ ഒരു മത്സരക്കളി നടത്താൻ നിശ്ചയിച്ചു. ആ വാര ഓട്ടത്തിൽ വിജയിയാകുന്ന കുട്ടിക്കു നിർദ്ദേശിക്കപ്പെട്ടിരുന്ന സമ്മാനം ഒരു വിശേഷമായ പന്തായിരുന്നു. ഓട്ടത്തിൽ ജോസിനെക്കാൾ മിടുക്കനായി അന്ന് ഒരു കുട്ടിയും ആ സ്കൂളിൽ ഉണ്ടായിരുന്നില്ല. അതുകൊണ്ടു പ്രസ്തുത പന്തു തനിക്കു കിട്ടുമെന്നു നിശ്ചയം ഊഹിച്ചാലും. ജോസിനു പൂർണ്ണ തൃപ്തിയായി. മാതാവിനുവേണ്ടി അന്ന് അവൻ സന്തോഷസമേതം ആ ബലി ചെയ്യാതിരുന്നെങ്കിൽ, ഇന്നു ഈ വിശേഷമായ ഒരു പന്തു അവനു കിട്ടുമോയെന്നാരറിഞ്ഞു?

അതുകൊണ്ടു പ്രിയ കുഞ്ഞുങ്ങളേ, മാതാവിന്റെ പീഠങ്ങളും അലങ്കരിക്കുന്നതിനും തിരുനാളുകളും ആഘോഷിക്കുന്നതിനും നിങ്ങളാൽ കഴിയുന്ന യത്നങ്ങളും ചെയ്യുവിൻ. ചിലപ്പോൾ ചെറിയചെറിയ പൂജകളുതന്നെ ചെയ്യേണ്ടിവന്നാൽ ധീരമനസ്സുരായി അപ്രകാരം ചെയ്യണം. കന്മലമാതാവിന്റെ തിരുനാളും സമീപിച്ചിരിക്കുന്ന ഈ അവസരത്തിൽ നിങ്ങൾ എന്തുചെയ്യാൻ നിശ്ചയിച്ചിരിക്കുന്നു? മാതാവിനുവേണ്ടി ചെയ്യുന്നതൊന്നും നിഷ്ഫലമായിപ്പോകയില്ല.

ഫാദർ ഡേവിഡ് സി. ഡി.

മനസ്സാക്ഷി.

ഒരു പ്രസിദ്ധനായ അമ്മേരിക്കൻ ഗ്രന്ഥകാരൻ തന്റെ ചെറുപ്പകാലത്തിലെ ഒരനുഭവത്തെക്കുറിച്ചു ഇപ്രകാരം എഴുതിയിരിക്കുന്നു:-

"ഒരു ദിവസം ഒരു ആമ വെള്ളംകുറഞ്ഞ ഒരു സ്ഥലത്തു വെയിൽകാഞ്ഞിരിക്കുന്നതിനെ ഞാൻ കണ്ടു. എന്റെ കൂട്ടുകാർ പക്ഷികളെയും മറ്റും എറിഞ്ഞു കൊല്ലുന്നതിനെ കണ്ടു് അതുപോലെ എനിക്കും ചെയ്യാലെന്താണെന്നു ഒരു ദുഷ്ടവിചാരം

എന്നിലങ്കുരിച്ചു. യാതൊരുപദ്രവും ചെയ്യാത്ത ആ ജന്തുവിനെ അടിയ്ക്കുവാൻ ഞാൻ വടിയോങ്ങി. ഉടൻതന്നെ ഏതൊ ഒരു ശക്തി എന്റെ പ്രവൃത്തിയെ നിരോധിക്കുകയും 'അതു് തെറ്റാകുന്നു' എന്നൊരു വ്യക്തമായ സ്വരം എന്റെ ഉള്ളിൽനിന്നു പുറപ്പെടുകയും ചെയ്തു. ഉയർത്തിയ വടി ഞാൻ അത്ഭുതപരതന്ത്രനായി ആ പാട്ട പിടിച്ചുകൊണ്ടിരിക്കവെ ആമ എന്റെ ദൃഷ്ടിയിൽനിന്നും അപ്രത്യക്ഷമായി.

"ഞാൻ വീട്ടിൽചെന്നു എന്റെ അമ്മയോടു ഈ കഥ പറഞ്ഞുകൊടുപ്പിച്ചു. ഈ പ്രവൃത്തി തെറ്റാണെന്നു എന്നോടു ഉപദേശിച്ചതു് ആരാണെന്നു ഞാൻ അമ്മയോടു ചോദിച്ചു. അമ്മയുടെ കണ്ണിൽനിന്നു് പുറപ്പെട്ട കണ്ണീർ തുടച്ചശേഷം എന്നെ കൈയിൽ എടുത്തുകൊണ്ടു അമ്മ ഇപ്രകാരം പറഞ്ഞു: 'ചിലർ അതിനെ മനസ്സാക്ഷി എന്നു പറയുന്നു. എന്നാൽ ആത്മാവിൽനിന്നു പുറപ്പെടുന്ന ദൈവത്തിന്റെ സ്വരമെന്നു വിളിക്കുന്നതാണു കുറച്ചുകൂടി നല്ലതെന്നു എനിക്കു തോന്നുന്നു. നീ അതിനെ ശ്രദ്ധാപൂർവ്വം അനുസരിക്കുകയാണെങ്കിൽ അതു നിന്നോടു വളരെ വ്യക്തമായി സംസാരിക്കുകയും നിന്നെ എല്ലാ ദുഷ്ടാഴ്ച സന്മാർഗ്ഗത്തിലൂടെ ആനയിക്കുകയും ചെയ്യുകൊള്ളും. എന്നാൽ നീ ആ സ്വരത്തെ അഗണ്യമാക്കുകയാണെങ്കിൽ അതു കുറഞ്ഞു കുറഞ്ഞു കാലാന്തരത്തിൽ ഒരു മാർഗ്ഗദർശിയില്ലാതെ നീ അന്ധകാരത്തിൽ ഉഴലുന്നതിനു ഇടയാകും. നിന്റെ ജീവിതവിജയം ഈ അല്പസ്വരത്തെ ഗൌനിക്കുന്നതിലാണു സ്ഥിതിചെയ്യുന്നതു്'

നാം തെറ്റു ചെയ്യുവാൻ ആരംഭിക്കുമ്പോൾതന്നെ മനഃസാക്ഷി നമ്മെ ഉപദേശിച്ചുതുടങ്ങും; നാം തെറ്റു ചെയ്യുമ്പോൾ അതു നമ്മെ ശകാരിക്കുന്നു; നാം തെറ്റു ചെയ്തുകഴിയുമ്പോൾ അതു നമ്മെ കുറപ്പെടുത്തുന്നു. നാം ഇങ്ങിനെ സമാധാനമില്ലാത്ത നിർഭാഗ്യരും ഭീരുക്കളുമായിത്തീരുന്നു. നാം ധർമ്മാർത്ഥത്തിൽ ഉറച്ചുചോകുന്നപക്ഷം മനസ്സാക്ഷി മരവിച്ചു് ക്രമേണ കട്ടപ്പുള്ളതായിത്തീരും.

നാം നന്മചെയ്യ് പരിശീലിക്കുന്നതായാൽ നമുക്കു നന്മ ചെയ്യുന്നതിനു വളരെ ലാഘവവും തന്നിമിത്തം വളരെ സന്തോഷവുമുണ്ടാകുന്നതാണ്. നാം പരീക്ഷയെ എതിരിട്ടതോടും നമുക്ക് ഈ പരീക്ഷയെ മാത്രമല്ല ഏതു പരീക്ഷയേയും ജയിക്കുന്നതിനു എളുപ്പത്തിൽ സാധിക്കും. ഇങ്ങിനെ പുണ്യാഭിവൃദ്ധിയിൽ ശക്തി പ്രാപിച്ച ഒരു നല്ല അടിസ്ഥാനത്തിന്മേൽ നാം നമ്മുടെ സ്വഭാവത്തെ പണിതു ഉറപ്പിക്കുന്നതാണ്.

നേരെമറിച്ചു നാം തെറ്റു ചെയ്യുന്നതോടും നമുക്ക് അതിലുള്ള ഭീതി കുറഞ്ഞുവശാകയും, പരീക്ഷകളെ ജയിക്കുന്നതിനു നമുക്കു വളരെ പ്രയാസം നേരിടുകയും, വളരെ എളുപ്പത്തിൽ നാം പാപകർമ്മങ്ങൾ ചെയ്തുതുടങ്ങുകയും, മനസ്സാക്ഷിയുടെ പ്രബോധനങ്ങളെ നാം യാതൊരു മനോവേദനയുംകൂടാതെ ലംഘിക്കുകയും ചെയ്യുന്നതാണ്. നാം പാപത്തിൽ എത്രകണ്ടു മുഴുകിപ്പോകുമോ അത്രകണ്ടു അതിൽനിന്നും പിന്മാറുവാൻ പ്രയാസമായിത്തീരുകയും ഒടുവിൽ സുഖംപ്രാപിക്കുന്നതിനുള്ള ആശകൂടെയും കുറഞ്ഞുപോകുകയും ചെയ്യുന്നു.

തന്റെ മനസ്സാക്ഷിക്കു വിപരീതമായി പ്രവൃത്തിക്കുന്നവൻ തെറ്റുചെയ്യുന്നു. എന്നാൽ ഇതിൽനിന്നും മനസ്സാക്ഷിക്കനുസരിച്ചു ചെയ്യുന്നവൻ എല്ലായ്പോഴും ശരിയായി ചെയ്യുന്നു എന്നു പറഞ്ഞുകൂടാ. മോഷ്ടാക്കളുടെ ഇടയിൽ വളർന്നുവരുന്ന ഒരു കുട്ടി മോഷണം കുറേകൂടെ മോശമല്ലെന്നു വിചാരിക്കുന്നില്ല. ഉപ്പുസഹവാസംനിമിത്തം മറ്റുള്ളവർ ചെയ്യുന്നതുപോലെ നാം പ്രവൃത്തിക്കുന്നതുകൊണ്ടു യാതൊരു ദോഷവും വരാനില്ലെന്നു നാം വിശ്വസിക്കുന്നു. നമ്മുടെ കൂട്ടുകാരാരാണെന്നും നമ്മുടെ കർത്തവ്യകർമ്മമെന്താണെന്നും നാം പരിശോധിച്ചുകൊണ്ടിരിക്കണം.

നമ്മുടെ മനസ്സാക്ഷിക്കനുസരിച്ചു പ്രവൃത്തിക്കുന്നതിൽ കൂടുതലായി മറ്റൊരു സൗഭാഗ്യവും നമുക്കുണ്ടാകാനില്ല.

"അകൃത്യം ചെയ്യുതിന്നായിത്തുനിയുന്ന ദശാന്തരെ
അരുതെന്നൊരുശബ്ദം തന്നുള്ളിൽനിന്നുളവായ്വരും
അന്തഃകരണമെന്നേതുരതിൻ സംജ്ഞ ധരിക്കുവിൻ."



ആ വിജയരഹസ്യം.



നേരം അർദ്ധരാത്രി കഴിഞ്ഞു. അന്ധകാരം അതിന്റെ മൂർദ്ധന്യത്തെ പ്രാപിച്ചു. നിശ്ശബ്ദതയും അപ്രകാരംതന്നെ. എന്നാൽ മാംസഭക്ഷകളായ ദുഷ്ടജീവികളാൽ ആക്രമിക്കപ്പെട്ടുന്ന ചില നിസ്സാരജീവികളുടെ ദീനസ്വരങ്ങളും, നിശാചരന്മാരായ ചില ചോരന്മാരുടെ ചൂളവിളികളും ഈ നിശീഥനിശബ്ദതയെ ഇടയ്ക്കിടെ ഭഞ്ജിക്കാതിരുന്നില്ല. ജംബുകവൃന്ദങ്ങളുടെ ക്രൂരവിളികളും, ശ്വാക്കളുടെ കൂരകളും അവിടവിടെ കേൾക്കാമായിരുന്നു. ഇവയെല്ലാം ആ ഭയങ്കരരാത്രിയെ ഒന്നുകൂടി ഭയാനകമാക്കിത്തീർത്തു. ഈ സമയത്തു സ്പെയിനിൽ അറ്റ്ലാന്റിക്ക് മഹാസമുദ്രത്തിന്റെ (Atlantic Ocean) തീരത്തു സ്ഥിതിചെയ്യുന്ന (Goaldria) ഗൊൾഡ്രിയാ പട്ടണത്തിലെ നിവാസികൾ നിസുഖം ഉറങ്ങുകയായിരുന്നു. ക്ഷോഭിച്ച കടലിന്റെ ഇരച്ചിൽപോലെ പകൽസമയം യന്ത്രശാലകളിൽനിന്നുയരുന്ന ശബ്ദത്താൽ മുഖരീകൃതമായിരുന്ന ഈ പട്ടണത്തിൽ ഇപ്പോൾ ഒരു യന്ത്രത്തിന്റെ തന്നെയല്ല, ഒരു മൃഗത്തിന്റെപോലും സ്വരം കേൾക്കാനില്ല. അതു ഒരു ശ്മശാനസ്ഥലമോ വിജനപ്രദേശമോ എന്നു തോന്നുമാറു് അതു ഭയാനകമായിരുന്നു. നാനാതരത്തിലുള്ള ജോലിത്തിരക്കിലേർപ്പെട്ടിരിക്കെ, പെട്ടെന്നു മരണംബാധിച്ചു കല്ലറയ്ക്കുള്ളിലാധാരമായിത്തീരുന്ന ഒരു രാജ്യതന്ത്രജ്ഞന്റെയൊ മറെറാ സ്ഥിതിയോടുപമിക്കത്തക്കതായിരുന്നു അപ്പോഴത്തെ അതിന്റെ അവസ്ഥ. ആ പട്ടണവാസികൾ തത്സമയം നിർബ്ബാധം ഗാഢനിദ്രകൊള്ളുകയായിരുന്നു. എന്നാൽ കഷ്ടം! തങ്ങൾക്കാസന്നമായിരിക്കുന്ന ഒരു മഹാ വിപത്തിനെ അവർ അശേഷം അറിയുന്നില്ല.

അതാ, ളം ളം ളം എന്ന രണ്ടുമൂന്നു പീരങ്കിവെടികൾ പട്ടണാധിപത്തിയിൽ കേൾക്കപ്പെട്ടു. ആ ഭയങ്കരനാദം പട്ടണാധികൃതന്മാരുടെ ഉറക്കമെന്നു പിടിച്ചു കണ്ണുകളിൽ എത്താതിരുന്നില്ല. അവർ ഭയവിഹ്വലരായി, ആപത്തിനെ സൂചിപ്പിക്കുന്ന കാഹളം കഴിയുന്നതും സ്വരത്തിൽ ധ്വനിപ്പിച്ചു. ഇതു് ഒടുവിലത്തെ വിധിദിവസത്തിൽ, "മരിച്ചവരേ, നിങ്ങൾ ഉത്ഥാനം വിധിക്കു വരുവിൻ" എന്നു ദൈവദൂതന്മാർ ധ്വനിപ്പിക്കുംനിരിക്കുന്ന കാഹളശബ്ദത്തോടു് ഏതാണ്ടു് സാമ്യമുള്ളതായിരുന്നു. അടുത്ത നിമിഷത്തിൽ പട്ടണവാസികളെല്ലാം ഉണർന്നെഴുന്നേറ്റു. അവർ കണ്ണുതുറന്നു നോക്കിയപ്പോൾ, ആദ്യമായി ദൃശ്യമായ ആ അത്യാപത്തിനെ സൂചിപ്പിക്കുന്ന ബ്രഹ്മാണ്ഡമായ അഗ്നികണ്ഡങ്ങളായിരുന്നു. ആളുകളെല്ലാം പരിഭ്രമചിത്തരായിത്തീർന്നു. "എല്ലാവരും നശിച്ചു; കാൽമണിക്കൂറിനുള്ളിൽ പട്ടണം തരിശാക്കപ്പെട്ടും" എന്നൊരു സ്വരം സകലരുടെയും കർണ്ണരന്ധ്രങ്ങളിൽ വ്യാപിച്ചു. കുട്ടികൾ ഭയന്നു വാവിട്ടു കരയാൻ തുടങ്ങി. തള്ളമാർ തങ്ങളുടെ വാത്സല്യഭാജനങ്ങളേയും വഹിച്ചുകൊണ്ടു് നാലുപാടും ഓടുവാൻ ഭാവിച്ചു. രണ്ടുമൂന്നു പീരങ്കിപ്രയോഗങ്ങൾ വീണ്ടും കേൾക്കപ്പെട്ടു. അതാ, കോട്ട ഛിന്നഭിന്നമായി! യാതൊരു രക്ഷയും ഇല്ലെന്നു മട്ടിലായി. പട്ടണത്തെ കയ്യേറാൻചെയ്യുന്ന ശത്രുക്കളുമായി സന്ധിചെയ്യുന്നതിനും തരമില്ലെന്നു ജനങ്ങൾ ധരിച്ചു. നിരാശയല്ലാതെ മറെറന്നും അവരുടെ മനസ്സിൽ ശേഷിച്ചില്ല. രോഗികളും വൃദ്ധന്മാരും ഓടി രക്ഷപെടാമോ എന്നുള്ള പരീക്ഷണംപോലും തങ്ങൾക്കു സാദ്ധ്യമെന്നുവെച്ചു് മരിപ്പാനൊരുങ്ങി. ധീരധീരന്മാരായ പുരുഷന്മാർപോലും ഇതികർത്തവ്യതാമൂഢരായി നിന്നുപോയി.

പതിനാറാം ശതാബ്ദത്തിന്റെ ഉത്തരാർദ്ധത്തിൽ കത്തോലിക്കരായ സ്പെയിൻകാരും പ്രോട്ടസ്റ്റന്റുകാരായ ഡച്ചുകാരുതമ്മിൽ യുദ്ധം നടന്നുകൊണ്ടിരിക്കുകയായിരുന്നുവല്ലോ. ഗെൽഡ്രിയാ പട്ടണം യാതൊരു യുദ്ധസന്നാഹവും ക്രൂടാതെയാണിരിക്കുന്നതെന്നു ഡച്ചുകാർക്കു മനസ്സിലായി. അതിനെ നിഷ്പ്രയാ

സം കൈക്കലാക്കുന്നതിനു ഒരു രാത്രി ഡച്ചുയുദ്ധക്കപ്പൽസമൂഹം ആരും അറിയാതെ പട്ടണത്തിനെതിരെ വന്നു. ആ കപ്പലുകളിൽനിന്നുണ്ടായ പീരങ്കിപ്രയോഗമാണ്, മുകളിൽ വിവരിച്ച വിധം പട്ടണവാസികളെ ഉണർത്തിയതും അവരുടെ കോട്ടയെ നിലംപതിപ്പിച്ചതും. ഈ സംഭവം നടന്നതു് ക്രിസ്തുമാണ്ടിലായിരുന്നു.

പട്ടണപ്രമാണികൾ ആ രാത്രിതന്നെ ഒരു യോഗം ചേർന്നു ചില ആലോചനകൾ നടത്തി. അവിചാരിതമായ ഈ വിപത്തിൽനിന്നു് രക്ഷപ്രാപിക്കുക മനുഷ്യശക്തിക്കു് കേവലം അസാദ്ധ്യംതന്നെ എന്നു അവർ ധരിച്ചു. ആ പട്ടണത്തിൽ കമ്മെലമാതാവിന്റെ അത്ഭുതപ്രവർത്തകമായ ഒരു രൂപം ഉണ്ടായിരുന്നു. ആ സചരൂപം എടുത്തു പട്ടണപ്രദക്ഷിണം നടത്തുകതന്നെയെന്നു ജനങ്ങൾ തീർച്ചയാക്കി, അതിനുവേണ്ട ചട്ടവട്ടങ്ങളെല്ലാം വേഗത്തിൽചെയ്തു് പ്രഭാതത്തോടുകൂടി പ്രദക്ഷിണം ആരംഭിച്ചു. ആ സമയം പട്ടണത്തിലെ പള്ളികളിൽനിന്നൊക്കെല്ലാം ഏകകണ്ഠമായി പുറപ്പെട്ട ഘണ്ടാരവം പ്രഭാതമാരുതനൊന്നിച്ചു് പരിസരപ്രദേശങ്ങളിലെങ്ങും പരന്നു. ഘോഷയാത്ര ഒരു കർമ്മലീത്താ ആശ്രമത്തിന്റെ മുമ്പിലെത്തിയപ്പോൾ കർമ്മലനായകിയുടെ തിരുസചരൂപം അവിടെ ഇറക്കിവെച്ചിട്ടു് പട്ടണത്തിന്റെ താക്കോലുകളും പട്ടണത്തെതന്നെയും കർമ്മലനാഥയ്ക്കു പ്രതിഷ്ഠിച്ചു. അനന്തരം ജനങ്ങൾ ആ നാഥയോടു ഇങ്ങിനെ പ്രാർത്ഥിച്ചു:- "സൈന്യങ്ങളുടെ കർത്താവിന്റെ മാതാവേ, നിന്റെയും ഞങ്ങളുടെയും ശത്രുക്കളിൽനിന്നു ഞങ്ങളെ നീ രക്ഷിക്ക."

അടുത്തക്ഷണത്തിൽ ഒരു കൊടുങ്കാറ്റും അന്ധകാരവും അവിടെ എങ്ങും വ്യാപിച്ചു. വിജയപതാക പറപ്പിച്ചുതുടങ്ങിയ ഡച്ചുകപ്പലുകൾ നാലും നാലുവഴിക്കു് കൊടുങ്കാറ്റിന്റെ ശക്തികൊണ്ടു് 'പറപറ'ക്കാൻ തുടങ്ങി. കരുത്തേറിയ ഏതൊരു സൈന്യം ആ ശത്രുക്കളെ നിഷ്പ്രയാസം തോല്പിച്ചോടിക്കുകയും ചെയ്തു. സചീയസൈന്യമല്ലാതെ മറ്റേതുമായിരുന്നില്ല ആ

സൈന്യം. ഈ സൈന്യത്തിന്റെ നായകിയായി, ത്രിലോകരാജ്ഞി കമ്മെൽപീത്താവസ്സൂഭ്രക്ഷിതയായി നിന്നിരുന്നു. അതെ, തന്നിൽ അഭയംപ്രാപിച്ച ആ പട്ടണത്തെ കമ്മെലനാഥ തന്നെയാണ് സംരക്ഷിച്ചതു്. അവിടത്തെ കമ്മെലവസ്സുമായിരുന്ന ആ യുദ്ധത്തിന്റെ വിജയപതാക.

— വി. പോഠം മനയത്ത്.

ജൂലൈമാസത്തിലെ

പൊതുനിയോഗം.

ബോൾഷെവിസം മൂലമുള്ള വിപത്തുകളെ തടയുക.

ഇന്നു നാം റഷ്യയിൽ കാണുന്ന പലേ വ്യതിയാനങ്ങളോടുകൂടിയ ഭരണം ഫൻഫ-ലാണു് ആരംഭിച്ചതു്. നിക്കൊളായി ലെനിന്റെ മേധാവിത്വത്തിൽ ഫൻറവ-ൽ ലണ്ടനിൽ വെച്ചു കൂടിയ രണ്ടാമത്തെ സ്ഥിതിസമത്വവാദികളുടെ യോഗത്തിൽ അവരുടെ തത്വങ്ങളെ കുറിക്കുന്നതിനു ഉപയോഗിച്ചിരുന്ന ഒരു വാക്കാണു ബോൾഷെവിസം. എന്നാൽ ഇപ്പോൾ റഷ്യയിൽ നിലവിലിരിക്കുന്ന ഭരണത്തേയും ഈ പേരിനാലാണു് അറിയപ്പെടുന്നതു. ഫവർ-ൽ മാക്സും എങ്കലും (Engel) കൂടി പ്രസിദ്ധപ്പെടുത്തിയ ഒരു പ്രത്യക്ഷപത്രത്തിൽ സ്ഥിതിസമത്വവാദികളുടെ ഉദ്ദേശങ്ങളെപ്പറ്റി വിവരിച്ചിട്ടുണ്ടു്. വ്യക്തികർക്കുള്ള ഭ്രസ്വതന്ത്രാവകാശത്തെ നിത്തൽചെയ്യുക, വിളവു എടുപ്പു്, കയറ്റുമതി മുതലായവയിൽ വേലക്കാർക്കുള്ള സ്വാതന്ത്ര്യത്തെ നിയന്ത്രിക്ക, നിർബ്ബന്ധമായി ജോലി ചെയ്യിക്കുക, ഖനികളുടെയും വനങ്ങളുടെയും അവകാശം പൊതുവാക്കുക മുതലായ പല വ്യക്തിപരമായ സ്വാതന്ത്ര്യങ്ങളെയും ഇതിനാൽ തടയപ്പെട്ടിരിക്കുന്നു. അതിൽപിന്നെ റഷ്യയിൽ ഉണ്ടായിട്ടുള്ള മാറ്റങ്ങളെ വർണ്ണിക്കുക അസാദ്ധ്യമാണു. അവയിൽ ചിലതെല്ലാം ഈ

പംക്തികളിൽ പ്രസ്താവിക്കാതിരുന്നിട്ടുമില്ല. മതത്തിനു അവിടെ സ്ഥാനമില്ലെന്നു ഇതിനുമുമ്പു പറഞ്ഞിട്ടുള്ളതാണല്ലൊ. വേദപുസ്തകം റഷ്യയുടെ അത്യന്തികാംക്ഷകളിൽ കയറുകയോ അച്ചടിപ്പിക്കയോ ചെയ്കുടെന്നു ഇയ്യിടെ ഒരു നിയമം അവിടെയുണ്ടായിട്ടുണ്ടു. അവിടത്തെ അതിദാരുണമായ ദാരിദ്ര്യത്തെയും അധമ്മ നടപടികളേയുംപറ്റി വായനക്കാർ ഇതിനുമുമ്പുതന്നെ ഗ്രഹിച്ചിട്ടുള്ളതാണല്ലൊ. റഷ്യയ്ക്കുവേണ്ടി പ്രത്ഥിക്കണമെന്നു പരിശുദ്ധ പിതാവു ഇതിനുമുമ്പു പലപ്പോഴും വിശ്വാസികളോടു ആവശ്യപ്പെട്ടിട്ടുള്ളതുപോലെ ഈ മാസത്തിലും പ്രത്യേകം അപേക്ഷിക്കണമെന്നു അവിടുന്നു ആഗ്രഹിക്കുന്നു. അതുകൊണ്ടു നമ്മുടെ സഹോദരന്മാരായ റഷ്യാക്കാരുടെ ഇടയിൽ സമാധാനം കൈവരുന്നതിനു നാം ഉള്ളുഴിഞ്ഞുതന്നെ ഈ അവസരത്തിൽ പ്രാത്ഥിക്കേണ്ടിയിരിക്കുന്നു.

അന്നം ഇന്നം.

(ആൻറണി തൊകലത്തു്.)

സമസ്ത ജീവജാലങ്ങളും ഈശ്വരനെ പരസ്യപ്രഖ്യാപനം ചെയ്യുമ്പോൾ വിശേഷബുദ്ധിയുള്ള മനുഷ്യരിൽ ഒരുകൂട്ടർ ദൈവാസ്തിക്യത്തെ നിഷേധിയ്ക്കുന്നതെന്തുകൊണ്ടു? ലോകം ഭിന്നരുചി അതുകൊണ്ടാണൊ? ഈശ്വരവിശ്വാസം രുചിക്ഷയത്തിനധീനമാണൊ?

ഒരുകാലത്തു് ഈശ്വരഭക്തന്മാരായി ജീവിച്ച മനുഷ്യർ- അതെ; ചില മനുഷ്യർമാത്രം- ഇന്നു ദൈവമില്ലെന്നും മറ്റും വാദിയ്ക്കുകയും യുക്തികൊണ്ടു അവരുടെ വാദം സാധൂകരിക്കാമെന്നു ഭിമാനിക്കുകയും ചെയ്യുമ്പോൾ, അതു യുക്തി കുയുക്തിയാണെന്നു മറെറാരു തരക്കാർ പ്രതിവാദം ചെയ്യുന്നു. അപ്പോൾ അരവും അരവും കൂടിയാൽ കിന്നരം എന്ന മട്ടായി. ഉത്തരത്തിൽനിന്നു

ഉത്തരം വിത്തിൽനിന്നു വിത്തു എന്നപോലെ ഉണ്ടാവുകയായി. ഉത്തരത്തിൽ സത്തോ, വിത്തിൽ കഴമ്പോ ഉണ്ടെന്നു നോട്ടമില്ലാതായി. അതൊന്നുമല്ല കാര്യം. ഈഴവസമുദായത്തിന്റെ അഭ്യുന്നതിയ്ക്കും പരിഷ്കാരത്തിനുംവേണ്ടി തുലികായോധനം നടത്തി യശശ്ശരീരനായിത്തീർന്ന മഹാകവി എൻ. കുമാരനാശാൻ അവർകളുടെ ഈശ്വരവിശ്വാസത്തെപ്പറ്റി ചിന്തിക്കുകയാണ് ഞാനിപ്പോൾ ചെയ്യുന്നതു്. ഇതാ അദ്ദേഹത്തിന്റെ

'പ്രഭാതപ്രാർത്ഥന':-

"സകലാശ്രയമായി രാത്രിയും
പകലും നിന്നെരിയും പ്രദീപമെ,
ജഗദീശ! ജയിക്ക! ശാശ്വതം
നിഗമം തേടിന നിൻ പദാംബുജം."

"അഖിലോപരിയെന്റെ ബുദ്ധിയിൽ
സുഖദുഃഖങ്ങളിൽ മാറ്റമെന്നിയെ
ജഗദീശ, തെളിഞ്ഞുനില്ക്കണം
നിഗമം തേടിന നിൻ പദാംബുജം."

നിശാപ്രാർത്ഥന:-

"ഒരു ദീപവുമിന്ദുവും സ്ഫുരി-
പ്പൊരു നക്ഷത്രവുമൊന്നുമെന്നിയെ
ഇരുൾ മേലിരുളാം സുഷുപ്തിയിൽ
ശരണം ചിന്മയ ദേവ! മേ."

ഈശ്വരൻ:-

"ഓമൽ പ്രഭാതരുചിയെങ്ങുമുയർന്ന നീല-
വ്യോമസ്ഥലം സചയമെരിഞ്ഞെഴുമക്കബിംബം,
ശ്രീമദ്ധരിത്രിയിവയെപ്പണി ചെയ്ത കയ്യിൻ
കോമത്തമോർത്തിവനു നീർകവിയുന്ന കണ്ണിൽ."

"അന്തിച്ചുവപ്പു, മലയാഴിയുമങ്ങിരുട്ടി-
ലുന്തി സ്ഫുരിക്കുമുഡുരാശിയുമിന്ദുതാനും
പന്തിക്കുതീത്ത പൊരുളിന്റെ മനോവിലാസം
ചിന്തിച്ചുനിക്കുക മലിഞ്ഞുടൽ ചിത്തിടുന്നു."

* * * * *

"ഇക്കാമ്യവസ്തു നിംചെയ്തതു, മിങ്ങതോരാ-
നന്ദംക്കാമ്പു, മെന്നുടലു, മേകിയതും, സ്വയം ഞാൻ
ധിക്കായ്മാറ്റ്മണയാതകമേ കടന്നു
ചുക്കാൻ തിരിക്കുവതു, മൊക്കെയൊരേകരം താൻ."

"ഈ ലോക ഭോഗമതിനാശ, മനിച്ചു ഞാൻ നി-
ന്നാലോക ഭാഗ്യമണയാനവകാശിയായി;
മാലോതിയും സപദി മൽ പ്രിയതാത, നിന്നെ
മാലോകർ ചൊല്ലിയുമറിഞ്ഞു വണങ്ങിടുന്നേൻ."

"വമ്പിച്ചു നിൻ മഹിമയും കൃപയും നിനച്ചു
കുമ്പിട്ടിടാത്ത തലയും ശിലയും സമം താൻ,
എമ്പിച്ചു തീക്കയറിവായ് മനമാം വിളക്കിൻ
ഉമ്പിൽ ജ്വലിക്കുമഖിലേശ്വര കൈ തൊഴുന്നേൻ."

ഏവംവിധം ഈശ്വരഭക്തനായി ഗാനാലാപം ചെയ്തു തൃപ്തിയടഞ്ഞിരുന്ന ആ മഹാനുഭാവനെപ്പറ്റി ഈഴവസഹോദരങ്ങൾ എന്തു വിചാരിക്കുന്നു? അന്നു ആശാൻ അവർകളെ ആദരിച്ചാരാധിച്ചിരുന്ന കൂട്ടർ ഇന്നു എന്തു സമാധാനം പറയുന്നു? യുക്തികൊണ്ടു കണ്ണടഞ്ഞുവെന്നോ?

നല്ലതും പ്രയോജനകരങ്ങളുമായ കത്തോലിക്ക പുസ്തകങ്ങളും പത്രങ്ങളും വായിക്കുന്നതിനുള്ള അഭിരുചിയാണ് മാതാപിതാക്കന്മാർ തങ്ങളുടെ സന്താനങ്ങൾക്കു ഉണ്ടാക്കികൊടുക്കേണ്ട ഏറ്റവും വലിയ ഒരു സമ്പാദ്യം.

– Bp. Cleary, Auckland.

ഗാന്ധിയും മിഷ്യനറിമാരും.

ഭാരതത്തിന്റെ സ്വാതന്ത്ര്യസമ്പാദനാർത്ഥം പരിശ്രമിക്കുന്ന ജാതീയ നേതാക്കന്മാരിൽ പ്രമുഖനായ മി. ഗാന്ധിയെപ്പറ്റി കേൾക്കാത്തവരില്ലല്ലോ. ശുദ്ധാത്മാവും, ഇൻഡ്യയുടെ ബന്ധുവും, ക്രിസ്തുവിനെ ആദർശമായി താൻ സ്വീകരിച്ചിട്ടുണ്ടെന്നു എഴുതുകയും പ്രസംഗിക്കുകയും ചെയ്യുക കാരണത്താൽ ഒരു ക്രിസ്തുഭക്തനെന്നും മറ്റും കരുതപ്പെട്ടിരുന്ന ഈ മി. ഗാന്ധിയോടു്, "സ്വതന്ത്ര ഇൻഡ്യയിലേക്കു് ക്രിസ്തുമതപ്രചരണാർത്ഥം വന്നുചേരുന്ന മിഷ്യനറിമാരോടു് അവിടുന്നെന്തുചെയ്യും?" എന്നൊരു ചോദ്യം ഒരു പത്രപ്രതിനിധി ഈയിടെ ചോദിക്കുകയുണ്ടായി. അതിനദ്ദേഹം കൊടുത്ത മറുപടി:- "ഞാൻ നിശ്ചയമായും അവരോടു മടങ്ങിപ്പോകുവാൻ പറയും, ഇൻഡ്യക്കു് മതാത്മകമായ ഒരു മാനസാന്തരം ആവശ്യമില്ല, എല്ലാമതങ്ങളും മുക്തിദായകങ്ങളാണു്, ഇൻഡ്യയിലെ വൻമതങ്ങൾ ഇവിടത്തെ ജനങ്ങൾക്കു് ധാരാളം മതിയാകും" എന്നൊക്കെയാണു്. ഈ മി. ഗാന്ധി ക്രിസ്തുവിനെ ആദർശമായി സ്വീകരിച്ചിട്ടുണ്ടെന്നും, ഇദ്ദേഹത്തെ ക്രിസ്തുവിനോടുപമിച്ചു നോക്കിയതിൽ ക്രിസ്തുവും ഗാന്ധിയും ഒരുപോലെയാണെന്നും മറ്റുമുള്ള ചിലരുടെ പ്രസ്താവനകളും നാം ഓർത്തിരിക്കേണ്ടതാണു്.

"ഒന്നുകിൽ സ്വരാജ്യം അല്ലെങ്കിൽ മരണം" എന്നാണു് മി. ഗാന്ധിയുടെ പല്ലവിയെങ്കിൽ "ലോകം മുഴുവൻ നേടിയാലും നിന്റെ ആത്മാവു നശിപ്പിച്ചാൽ നിനക്കെന്തുഫലം" എന്നാണു് ക്രിസ്തു ചോദിക്കുന്നതു്. നിങ്ങടെ ലോകത്തിന്റെ നാനാഭാഗങ്ങളിലും എന്റെ സുവിശേഷത്തെ പ്രസംഗിക്കുവിൻ.....വിശ്വസിച്ചു ജ്ഞാനസ്നാനം സ്വീകരിക്കുന്നവൻ രക്ഷിക്കപ്പെടും എന്നിൽ വിശ്വസിക്കാത്തവൻ അപരാധിയെന്നു വിധിക്കപ്പെ

ട്ടും എന്നു ക്രിസ്തു ശക്തിയായി ഉപദേശിക്കുന്നു. മി. ഗാന്ധി കരുതുന്നതുപോലെ എല്ലാ മതങ്ങളും ഒരുപോലെ മുക്തിദായകങ്ങളായിരുന്നുവെങ്കിൽ ക്രിസ്തു ഇങ്ങിനെ ഉപദേശിക്കുകയോ, ഇതിനായി ശിഷ്യന്മാരെ നിയോഗിക്കുകയോ ചെയ്യുകയില്ലായിരുന്നു.

ഇൻഡ്യയിലെ ജനങ്ങളിൽ ഭ്രൂരിഭാഗവും മേൽപറഞ്ഞവിധം ജ്ഞാനസ്നാനം സ്വീകരിച്ചിട്ടുള്ളവരല്ലാ എന്ന അറിവാകുന്ന ക്രിസ്തുൻ മിഷ്യനറിമാരെ വളരെ കഷ്ടനഷ്ടങ്ങൾ സഹിച്ചുകൊണ്ടുപോലും ഇൻഡ്യയിലേക്കു വരുത്തുന്നതിനു പ്രേരിപ്പിക്കുന്ന ഹേതു. ഈ മിഷ്യനറിമാരോട് നിശ്ചയമായും മടങ്ങിപ്പോകുവാൻ പറയും എന്നു പറഞ്ഞ ആ ക്രിസ്തുഭക്തനെപ്പറ്റി എന്തുപറയട്ടെ.

മനുഷ്യകുലത്തിന്നു ഒരു മാനസാന്തരം ആകെക്കും ആവശ്യമില്ലെന്നാണ്ഹേഹം പറയുന്നു. ഇൻഡ്യയെ ബ്രി. ഭരണമേധാവിത്വത്തിൽനിന്നും വിടുവിപ്പാൻ പര്യാപ്തമായ ഒരു മാനസാന്തരമായിരിക്കണം അദ്ദേഹത്തിനു കാര്യം. ഏതായാലും മാതൃകമായ ഒരു മാനസാന്തരം ഇന്ത്യക്കു ആവശ്യമില്ലെന്നു പറയുന്നവരെ ക്രിസ്ത്യാനികളും മതാത്മകവിഷയത്തിൽ വെറും ഭോഷന്മാരായേ കരുതുകയുള്ളുവെന്നു ഞാൻ ശക്തിയായി പറഞ്ഞുകൊള്ളുന്നു. ഞാൻ ഇതെല്ലാം പറഞ്ഞതുകൊണ്ടു ഭാരതത്തിന്റെ സ്വാതന്ത്ര്യത്തിനും, അതിനെ ദാരിദ്ര്യകൂപത്തിൽനിന്നു മോചിപ്പിക്കുന്നതിനും അദ്ദേഹം ചെയ്യുന്ന ന്യായമായ പരിശ്രമങ്ങളെ ഞാൻ പ്രതിഷേധിക്കുന്നതായി വായനക്കാർ തെറ്റിദ്ധരിക്കരുതേ!

ഹിന്ദുമതം കഴിഞ്ഞാൽ ഇൻഡ്യയിലെ ഏറ്റവും പഴക്കമേറിയമതം ക്രിസ്തുമതമാണു്. എന്നിട്ടും അതിനു് ഇൻഡ്യൻമതമെന്ന പേരിനു അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ സ്ഥാനമില്ലപോലും. ഇൻഡ്യയിലെ മതങ്ങളിൽ മഹമ്മദുമതത്തിനു ക്രിസ്തുമതത്തെക്കാൾ വളരെ പഴക്കം കുറവാണെങ്കിലും മഹമ്മദീയർ ഇവിടെ എഴു കോടിയിൽ പരമുണ്ടു്. അതുകൊണ്ടായിരിക്കണം മഹമ്മദുമതത്തെ ഒരിന്ത്യൻ മതമല്ലാതാക്കി പ്രസ്താവനചെയ്യുവാൻ അദ്ദേഹത്തിനു ധൈര്യമില്ലാത്തതു്. മി. ഗാന്ധി

യുടെ ഭാഷയിൽ "ഒരിഡ്യൻ മതം" തന്നെയായിരിക്കുന്ന ക്രിസ്തുമതത്തെ അങ്ങിനെയല്ലാതാക്കി ഒരു പ്രസ്താവന ചെയ്യുന്നതിനു് അദ്ദേഹത്തെ ധൈര്യപ്പെടുത്തിയതു് ക്രിസ്ത്യാനികം ഇവിടെ ന്യൂനപക്ഷ സമുദായക്കാരായതുകൊണ്ടായിരിക്കണമല്ലൊ.

ഏതായാലും ഇൻഡ്യക്കു് രാഷ്ട്രീയമായി പലേ പരിവർത്തനങ്ങളും അത്യാസന്നമായിരിക്കുന്ന ഈ കാലഘട്ടത്തിൽ ക്രിസ്ത്യാനികം ഐകമത്യത്തോടെ പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

— കെ വി. ജോസഫ്, മുട്ടം.

ഡോക്ടർ പോളിന്റെ
ആരോഗ്യരക്ഷാനിയമങ്ങൾ.

(൧) ശുദ്ധവായു, നല്ലവെള്ളം, സൂര്യപ്രകാശം, പരന്നം, കായികാഭ്യാസം, മിതമായ ഭക്ഷണം, ശുചിതപം, ശുദ്ധമായ ആഹാരം, പ്രാണായാമം, ബ്രഹ്മചര്യം ഇവ രോഗനിവാരണത്തിനും ആരോഗ്യസംരക്ഷണത്തിനും അത്യന്താപേക്ഷിതമാണു്.

(൨) നിവൃത്തിയുള്ളപ്പോഴെല്ലാം വീട്ടിനു വെളിയിൽ കഴിച്ചുകൂട്ടണം. എല്ലാക്കാലത്തും ശയനഗൃഹത്തിന്റെ വാതായനങ്ങൾ പന്ത്രണ്ടു ഇഞ്ചെങ്കിലും തുറന്നിട്ടിരിക്കേണ്ടതാണു്.

(൩) ശുദ്ധജലം മാത്രമാണു ആരോഗ്യരക്ഷണത്തിനാവശ്യമായ പാനീയം. വാറ്റിയെടുത്ത വെള്ളം ശുദ്ധമുള്ളതാണു്. അതിൽ രോഗബീജങ്ങളോ കൃമികളോ ഉണ്ടായിരിക്കയില്ല. അതു കഴിഞ്ഞാൽ അരിച്ചെടുത്ത വെള്ളമാണു നല്ലതു്. വാറ്റിയോ അരിച്ചോ എടുത്ത വെള്ളമേ കുടിക്കാവൂ. അശുദ്ധ വെള്ളം തിളപ്പിച്ചു അരിച്ചെടുത്താൽ നന്നാകും.

(൪) സൂര്യൻ നമുക്കു ചൂടും പ്രകാശവും തരുന്നു. ഇതുരണ്ടും ആരോഗ്യത്തിനു ഒഴിച്ചുകൂടാത്തതാണു.

(൫) മാനസികവും ശാരീരികവുമായ അഭ്യാസങ്ങൾ ആരോ

ശുചീകരിപാലനത്തിനു ആവശ്യമാകുന്നു. കാലത്തും വൈകിട്ടും പതിനഞ്ചു മിനിട്ടുനേരമെങ്കിലും കായികാഭ്യാസം ചെയ്യണം. നടക്കുന്നതു ഒരുത്തമ വ്യായാമമാണ്.

(ന്യ) വായിൽക്കൂടി ഒരിക്കലും ശ്വസിക്കരുതു്. ദൈവം ആ ഉദ്ദേശത്തോടുകൂടിയല്ലാ വാ തന്നിരിക്കുന്നതു്. ശ്വാസകോശം നിറയേ വായു മൂക്കിൽക്കൂടി ശ്വസിച്ചു ശീലിക്കുന്നതു രക്തശുദ്ധീകരണത്തിനു നന്നാണ്. ദിവസന്തോറും ഉറക്കത്തിനുമുമ്പു വായും പല്ലുകളും ശുദ്ധിയാക്കണം. ഈശ്വരവിചാരം കഴിഞ്ഞാൽ ശുചിത്വമാണു ആവശ്യമായിട്ടുള്ളതു്.

(ഒ) കാലോചിതമായ ഭക്ഷണമാണു കഴിക്കേണ്ടതു്. അതു ഒരിക്കലും അധികമായിപ്പോകരുതു്. ഭക്ഷണം നല്ലപോലെ ചവച്ചരച്ചു ജലപ്രായമാക്കിയതിന്റെ ശേഷമേ ഇറക്കാവൂ. ഭക്ഷണത്തിനിടയിൽ വെള്ളം കുടിക്കരുതു്. എല്ലാ ദിവസവും രാവിലെ ഒരു കോപ്പ ശുദ്ധജലം കുടിച്ചു കോഷ്ഠശുദ്ധി വരുത്തണം. പഴങ്ങളും കരുക്കളും ആവശ്യംപോലെ ഭക്ഷിക്കണം. ഫലാഹാരമാണു ഉത്തമ ഭക്ഷണം. ഏത്തക്കാ, മുന്തിരിങ്ങാ, വെണ്ടക്കാ, മുരിങ്ങക്കാ മുതലായവയെല്ലാം വിശേഷമാണ്. മദ്യം, കാപ്പി, ചായ മുതലായ ലഹരിപദാർത്ഥങ്ങൾ വർജ്ജിക്കണം. മസാലകളും അതുപോലെതന്നെ ഉപേക്ഷിക്കേണ്ടതാണ്.

(വ) പൂർണ്ണാരോഗ്യത്തോടുകൂടിയിരിക്കുന്നതിനു ബ്രഹ്മചര്യം അത്യാവശ്യമാണ്. ചാരിത്രശുദ്ധിയോടുകൂടെ ജീവിക്കുന്നതിനു പ്രത്യേകം സൂക്ഷ്മമുണ്ടായിരിക്കണം.

(ൻ) ദിവസന്തോറും കുളിക്കണം. ഒരു പക്ഷത്തിലൊരിക്കൽ ബാഷ്പസ്നാനം ചെയ്യുന്നതിനു ശ്രമിക്കേണ്ടതാണ്.

(ഠഠ) ഒരു ദിവസത്തിൽ എട്ടോ ഒമ്പതോ മണിക്കൂർനേരം ഉറങ്ങേണ്ടതാവശ്യമാണ്.

(ഢഢ) മലബന്ധമുണ്ടാകാതിരിക്കാൻ സൂക്ഷിക്കണം. അതു രക്തത്തെ അശുദ്ധമാക്കും. ഇതിൽ പറഞ്ഞിരിക്കുന്നപോലെ ജീവിക്കുന്നവർക്കു ശരിയായ മലശോധന ഔഷധസഹായംകൂടാതെതന്നെ ഉണ്ടാകുന്നതാണ്. മലം കൂടിക്കിടന്നുറങ്ങുന്നതു

ചീത്തയാകുന്നു. അതു മജ്ജാനാളത്തിനു ചൂടു വർദ്ധിപ്പിച്ചു സപ്ലൂദോഷമുണ്ടാക്കുന്നതാണ്. വലത്തുവശംവെച്ചു കിടക്കുന്നതാണു ഉത്തമം. ഉറങ്ങാൻപോകുന്നതിനുമുമ്പു എല്ലാ ചിന്തകളേയും ഉപേക്ഷിക്കണം. നേരത്തെ കിടക്കുകയും നേരത്തെ എഴുന്നേല്ക്കുകയും ചെയ്യണം. എല്ലാക്കാര്യങ്ങളിലും മിതമായിരിക്കണം. രോഗമോ മറ്റൊ ഉണ്ടെങ്കിൽ പരിചയവും പ്രാപ്തിയുമുള്ള ഒരു വൈദ്യന്റെ ഉപദേശമനുസരിച്ചു നടന്നുകൊള്ളണം.

— *Guide To Health.*

കുറിപ്പുകൾ.

നമ്മുടെ പുതിയ ഭലഗാദ അപ്പസ്തോലിക്കയായി മഹോന്നത ദിവ്യശ്രീ പീറ്റർ കിയർക്കേൽസ് തിരുമനസ്സുകൊണ്ടു നിയമിതനായിരിക്കുന്ന വിവരം ഇതിനുമുമ്പു പ്രസ്താവിച്ചിട്ടുള്ളതാണല്ലൊ. അവിടുന്നു സലാമിസിന്റെ മെത്രാപ്പോലീത്തായായി അഭിഷേകം ചെയ്യപ്പെട്ടതു് ഇക്കഴിഞ്ഞ ഏപ്രിൽ 24-ാംനു-അയിരുന്നു. റോമിൽ, പാഷ്യനിസ്റ്റ സഭാസ്ഥാപകനായ വി. പൌലോസിന്റെ തിരുശ്ശരീരം സ്ഥാപിതമായിരിക്കുന്ന ദേവാലയത്തിൽവെച്ചു പ്രൊപ്പഗാന്താ തിരുസ്സംഘത്തിന്റെ അദ്ധ്യക്ഷനായ വാൻ റോസ കർദ്ദിനാളാണു ഈ പട്ടാഭിഷേകകർമ്മം നടത്തിയതു്. തിരുമനസ്സുകൊണ്ടു് ഈ മാസത്തിൽതന്നെ ഇന്ത്യയിൽ എത്തുമെന്നാണു് പ്രതീക്ഷിക്കപ്പെട്ടിരിക്കുന്നതു്.

വിജയപുരം രൂപതയുടെ പ്രഥമമെത്രാനായി പരിശുദ്ധ സിംഹാസനത്തിൽനിന്നും തെരിഞ്ഞെടുത്തിട്ടുള്ള റൈറ്റ് റവ. മൊൺസിഞ്ഞോർ ബൊനവന്തുരാ സി. ഡി. അവർകളുടെ സ്ഥാനാരോഹണ മഹാമഹം ജൂൺ 24-ാംനു- നടത്തുന്നതിനാണല്ലൊ നിശ്ചയിച്ചിരിക്കുന്നതു്. ഈ സ്ഥാനാരോഹണകർമ്മം പ്രധാന കാർമ്മികനായ വരാപ്പുഴ മെത്രാപ്പോലീത്താ തിരുമന

സ്സുകൊണ്ടു് കൊല്ലം, കോട്ടാർ എന്നീ രൂപതകളുടെ മെത്രാന്മാരുടെ സഹായസഹരണത്തോടുകൂടി കോട്ടയം നല്ലയിടയന്റെ പള്ളിയിൽവെച്ചു നിർവ്വഹിക്കുന്നതാണെന്നറിഞ്ഞു സന്തോഷിക്കുകയും അഭിനവമെത്രാൻ തിരുമനസ്സിലേക്കു് ഞങ്ങൾ സർവ്വവിധ വിജയങ്ങളെ പ്രാർത്ഥിക്കയും ചെയ്യുകൊള്ളുന്നു.

അടുത്ത ഡിസമ്പർ മാസത്തിൽ ഫ്രാൻസീസ് ശവ്യേർ പുണ്യവാന്റെ തിരുശ്ശരീരം ഗോവയിൽ പ്രദർശിപ്പിക്കുന്നതാണല്ലൊ. ആ അവസരത്തിൽ ഗോവാ പാത്രിയർക്കീസ് തിരുമനസ്സിലെ അദ്ധ്യക്ഷതയിലും യുക്രിസ്റ്റിക്കു് ലീഗിന്റെ ആഭിമുഖ്യത്തിലും ഒരു ദിവ്യകാരുണ്യ മഹാ സമ്മേളനം നടത്തപ്പെടുന്നതാണു്.

ഇറാലിയിലെ കത്തോലിക്ക മതവിരോധികളായ ഏതാനും ഫ്രഷിസ്റ്റുകാർ ചില കത്തോലിക്ക സ്ഥാപനങ്ങളെ കല്ലെറിഞ്ഞതായും പോലീസധികൃതന്മാർ കത്തോലിക്ക പരിശ്രമസംഘം ആഫിസുകൾ പൂട്ടിക്കളഞ്ഞതായും തക്കോലുകളും രേഖകളും കൈവശപ്പെടുത്തിയതായും കമ്പിവാർത്തകളിൽ കാണുകയുണ്ടായല്ലൊ. എന്നാൽ ജൂൺ ഫ്രന്യ-ാംന- മാപ്പ്രാപ്പാ തിരുമനസ്സുകൊണ്ടു ഇറാലിയൻ ഗവർമ്മെണ്ടിനയച്ച ഔദ്യോഗിക ലേഖനത്തിന്റെ ഫലമായി താക്കോലുകളും രേഖകളും പോലീസധികൃതന്മാർ മെത്രാന്മാരെ ഏല്പിച്ചിരിക്കുന്നു. ചില അഭിപ്രായവ്യത്യാസങ്ങൾ നിമിത്തമുണ്ടായ ആ കുഴപ്പങ്ങൾ ഇങ്ങനെ പരിഹരിക്കപ്പെട്ടതിൽ സന്തോഷിക്കേണ്ടിയിരിക്കുന്നു.

ചക്രവർത്തി മഹാരാജാവിന്റെ ജന്മനക്ഷത്രം പ്രമാണിച്ചു നാല് ഇന്ത്യൻ കത്തോലിക്കർക്കും ഇക്കൊല്ലം ബഹുമതികൾ നല്കപ്പെട്ടുണ്ടായി.

കുടുംബദീപം.

മതസംബന്ധമായ കാര്യങ്ങളെപ്പറ്റി പ്രത്യേകിച്ചും, ശാസ്ത്രം, സാഹിത്യം, വ്യവസായം, ആരോഗ്യം മുതലായവയെക്കുറിച്ചു പൊതുവിലും പ്രതിപാദിക്കുന്ന ഒരു ഉത്തമ മാസിക.

വരിസംഖ്യ, മൻക്രൂ.

ഇന്ത്യാ, ബർമ്മ, സിലോൺ. ക. ഫ. ൦. ൦.

മറ്റു രാജ്യങ്ങൾ ക. ഫ. ൪. ൦.

ഒറ്റപ്രതിക്കു ക. ൦. ൨. ൦.

നിലനിർത്തുക.

നിങ്ങളുടെ കുട്ടികളെ ൩ മാസം തുടർച്ചയായി കുടിപ്പിക്കുവാൻ അനുവദിക്കരുതു. ഞങ്ങളുടെ മരുന്നു ഉപയോഗിക്കുന്നതായാൽ പന്ത്രണ്ടു ദിവസംകൊണ്ടു കുട്ടി നിരുത്തുവാൻ നിങ്ങൾക്കു സാധിക്കുമെന്നു അതിശയോക്തി സ്പർശിക്കാതെ പറയാം. ഒരു കുപ്പിക്കു വില ക. ൨-൪൨-൦.

കാസശ്വാസ നിവാരണി.

നിങ്ങൾ പലതരം ഔഷധങ്ങൾ ഉപയോഗിച്ചിട്ടും ഏങ്ങൽ മാറാതെയിരിക്കയാണെങ്കിൽ അവസാനമായി ഈ മരുന്നു ഉപയോഗിച്ചുനോക്കുക. തീർച്ചയായിട്ടും സുഖം കിട്ടും. കുപ്പി ഒന്നിനു ക. ൪-൮-൦.

പ്രമേഹ സംഹാരി.

ഈ മരുന്നു ആറു മാസം ഉപയോഗിച്ചാൽ എത്ര പഴകിയ പ്രമേഹവും പൂർണ്ണ സുഖമാകുന്നതാണ്. ഒരു കുപ്പിക്കു വില ക. ൪-൪൨-൦.

വാതഹാരി: എല്ലാത്തരം വേദനകൾക്കും വാതത്തിനും വിശേഷമാണു. പോഷകരമായ വീര്യത്തു: അഗ്നിമാന്ദ്യം, ശിരസ്തോദം, ബലക്ഷയം, ഹൃദ്രോഗം മുതലായ സുഖക്കേടുകൾക്കു പ്രസിദ്ധിപ്പെട്ടതു. ജ്വരഹാരി: മലമ്പനിക്കും മലബന്ധത്തിനും ഉപയോഗിക്കേണ്ടതു. 'എമ്മിന' എല്ലാ തരത്തിലും വേഗത്തിൽ സുഖമാക്കും. വിഷൂചിക, വയറുകടി, ഉഷ്ണപ്പുണ്ണു മുതലായ രോഗങ്ങൾക്കുള്ള സിദ്ധൗഷധങ്ങളും തയ്യാറുണ്ടു. ഈ ഔഷധങ്ങളുടെ ഫലസിദ്ധിയെപ്പറ്റി വൈദ്യന്മാരുടെ അനവധി സർട്ടിഫിക്കേറ്റുകൾ കിട്ടീട്ടുണ്ടു.

പെരേര ആൻഡ് കമ്പനി, കെമിസ്റ്റസ്,

നമ്പ്ര് ൧൧, കോഴിക്കോട്ട്, മലബാർ.

Reg. No. C. 130.

പഞ്ചാംഗം.

ജൂലൈ 1931.

൧	1	ബു.	വി.	അഹറോൻ.
൨	2	വ്യാ.	എ. ഭ. ക. മരി. സന്ദർശ.
൩	3	വെ.	*	നാ. ചി. വി. തോമ്മാ
൪	4	ശ.	വി	ഗോശയും ഹെസ്ക്കിയും.
൫	5	ഞാ.	✠	വി. ഒൊമീന്യനോ.
൬	6	തി	വി	ഏശയ്യാ.
൭	7	ചൊ.	വി.	സിറി. അമ്മത്താ
൮	8	ബു	വി	ഏലിയാസ്സിന്റെ
൯	9	വ്യാ.	വി.	സേനോ.
൧൦	10	വെ	വി	അപ്പൊല്ലോനിയാ
൧൧	11	ശ.	വി.	ഒയ്ത്. സ്തൂപ്പുള്ളി
൧൨	12	ഞാ.	✠	വി. ഒയാറ ഗ്രാമ.
൧൩	13	തി	വി	അന്ത്രോഞ്ചസ്.
൧൪	14	ചൊ.	വി.	ഞൊസൊൻ്റുറ.
൧൫	15	ബു.	വി	കുറിയാക്കൊ വി യാക്കൊ.
൧൬	16	വ്യാ.	എ. ഭ. കർമ്മലമാതാ
൧൭	17	വെ.	വി	അലൂസ്.
൧൮	18	ശ.	വി	ഗ്രീഗ്ലാസ്.
൧൯	19	ഞാ	✠	വി വിൻസെൻറ്.
൧൯	20	തി.	വി.	ഏലിയാ നിബ്യാ.
൧൯	21	ചൊ.	വി.	ദാനിയേൽ.
൧൯	22	ബു.	വി.	മറിയം മാഗ്ദലെ.
൧൯	23	വ്യാ.	വി	അപ്പൊല്ലിനാരീസ്
൧൯	24	വെ.	വി.	ക്രിസ്റ്റീനാ.
൧൯	25	ശ.	വി.	യാക്കോ ശ്ലീഹാ
൧൯	26	ഞാ.	✠	വി. അന്നാമ്മ
൧൯	27	തി	വി	പന്തലെയോൻ
൧൯	28	ചൊ.	വി	നസ്സാരിയൂസ്.
൧൯	29	ബു.	വി.	മത്താ.
൧൯	30	വ്യാ.	വി.	അബ്ദോൻ.
൧൯	31	വെ.	വി	ഇഗ്നാസിയോസ്.

മിഥുനം. കർക്കടകം.

✠ എല്ലാവക്കും കടമുള്ള ദിവസം. * സുറിയാനിക്കാർക്ക കടം.

Printed at the "Little Flower" Press and published by Fr. Anastasius T. O. C. D.
THEVARA, ERNAKULAM, S. INDIA.